1943 ജനുവരിയിൽ ഇന്ത്യൻ ദേശീയ സേന (INA) പിരിച്ചുവിടുകയാണെന്ന സന്ദേശം ജനറൽ മോഹൻ സിംഗ് തന്റെ കീഴുദ്യോഗസ്ഥർക്ക് അയച്ചു. ജപ്പാൻ സേനയെ പ്രകോപിപ്പിച്ച ഈ നീക്കത്തിന് പിന്നാലെ അവർ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് സിംഗപ്പൂർ നാവികത്താവളത്തിന് സമീപം അദ്ദേഹം തന്നെ നിർമ്മിച്ച ഒരു ചെറിയ വീട്ടിൽ തടവിലാക്കി.

ഈ ഘട്ടത്തിലാണ് ഭാരതീയ വിപ്ലവവീര്യത്തിന്റെ ആവേശമായ സുഭാഷ് ചന്ദ്രബോസ് സിംഗപ്പൂരിൽ എത്തുന്നതും ഇന്ത്യൻ ദേശീയ സേനയുടെ നേതൃത്വം ഏറ്റെടുക്കുന്നതും.

അക്കാലയളവിൽ പലവട്ടം ജപ്പാൻ അധികൃതർ കേശവമേനോനെ ചോദ്യം ചെയ്യാനായി വിളിപ്പിച്ചു. ജപ്പാൻ പട്ടാളക്കാർ ഓരോ തവണ വീട്ടിലെത്തി അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോകുമ്പോഴും, ഇനി ഒരു തിരിച്ചുവരവുണ്ടാകുമോ എന്ന് അദ്ദേഹവും കുടുംബവും ഒരുപോലെ ആശങ്കപ്പെട്ടിരുന്നു. അത്രമേൽ ഭീകരമായിരുന്നു അന്നത്തെ സാഹചര്യങ്ങൾ.

ഒടുവിൽ 1944 ഏപ്രിൽ മാസത്തിൽ ജപ്പാനീസ് ഉദ്യോഗസ്ഥർ അദ്ദേഹത്തിന്റെ വീട് വളഞ്ഞ് വ്യാപകമായ പരിശോധന നടത്തി അവർക്കാവശ്യമായ രേഖകളെല്ലാം പിടിച്ചെടുത്തശേഷം കേശവമേനോനെ അറസ്റ്റ് ചെയ്ത് ദണ്ഡന മുറികളടക്കമുള്ള ഒരു തടവറയിലേക്ക് മാറ്റി. സുഭാഷ് ചന്ദ്രബോസുമായി ചേർന്ന് പ്രവർത്തിക്കാൻ കേശവമേനോൻ തയ്യാറായില്ല എന്നതു തന്നെയായിരുന്നു അദ്ദേഹത്തിനു നേരെ ജപ്പാൻകാർക്കുണ്ടായിരുന്ന അമർഷത്തിന് പ്രധാന കാരണം.

നാലുമാസം ചുവന്ന ക്രോസ് അടയാളമുള്ള ലോക്കപ്പിലായിരുന്നു കേശവമേനോൻ കിടന്നിരുന്നത്. വധശിക്ഷക്കു വിധിക്കപ്പെട്ട തടവുകാരുടെ മുറികളിലായിരുന്നു ഇത്തരം ക്രോസ് അടയാളം പതിച്ചിരുന്നത്. പിന്നീട് പട്ടാള കോടതിയിൽ വിചാരണ ചെയ്യപ്പെട്ട അദ്ദേഹത്തിന് ആറു വർഷത്തെ തടവുശിക്ഷ വിധിക്കപ്പെട്ടു.

കേശവമേനോന്റെ സുഹൃത്തും ജയിൽ സൂപ്രണ്ടുമായിരുന്ന ധനപതി ചെയ്തു കൊടുത്ത ഉപകാരങ്ങളും ഇവിടെ സ്മരണീയമാണ്. മേനോന്റെ മകൻ ശേഖരി വർമ്മ രഹസ്യമായി കൊണ്ടുവന്ന കട്‌ലറ്റുകളും മീനെണ്ണ ഗുളികകളും മറ്റും ധനപതി മരുന്നെന്ന രീതിയിൽ അദ്ദേഹത്തിന് എത്തിച്ചു കൊടുക്കാറുണ്ടായിരുന്നു.

ഇതിനിടക്കാണ് മറ്റൊരു അത്യാഹിതം കൂടി സംഭവിക്കുന്നത്. കേശവമേനോന്റെ മറ്റൊരു പുത്രിയായിരുന്ന തങ്കത്തിന്റെ ആരോഗ്യനില അങ്ങേയറ്റം വഷളാവുകയും, ഒടുവിൽ അവർ ഈ ലോകത്തോട് വിടപറയുകയും ചെയ്തു. കേശവമേനോന് തന്റെ മകളെ അവസാനമായി ഒരുനോക്ക് കാണാനോ അവരുടെ മരണസമയത്ത് കുടുംബത്തോടൊപ്പം ഉണ്ടാകാനോ സാധിച്ചില്ല.

## യുദ്ധത്തിന്റെ അവസാനം

അതിനിടയിൽ യുദ്ധത്തിന്റെ ഗതി മാറിമറിഞ്ഞു. ഇറ്റലി കീഴടങ്ങുകയും ജർമ്മനി തകർന്ന തരിപ്പണമാവുകയും ചെയ്തു. ജാപ്പനീസ് ദ്വീപുകളിൽ അമേരിക്ക ശക്തമായ ബോംബാക്രമണങ്ങൾ നടത്തി. ഒടുവിൽ ലോകത്തെ നടുക്കിക്കൊണ്ട് 1945 ഓഗസ്റ്റ് 6ന് ഹിരോഷിമയിലും ഓഗസ്റ്റ് 9ന് നാഗസാക്കിയിലും അമേരിക്ക ആറ്റംബോംബുകൾ വർഷിച്ചു. ഇതോടെ പ്രതിരോധം അസാധ്യമായ ജപ്പാൻ ഓഗസ്റ്റ് 14-ന് കീഴടങ്ങാൻ തീരുമാനിച്ചു.

ജപ്പാൻ കീഴടങ്ങിയതോടെ പതിനാറ് മാസത്തെ ബന്ധനത്തിനു ശേഷം കേശവമേനോൻ ജയിൽമോചിതനായി. 1946 ഒക്ടോബർ മാസത്തിൽ കേശവമേനോനും കുടുംബവും നാട്ടിലേക്ക് തിരിച്ചു . അപ്പോഴേക്കും അദ്ദേഹം നാടുവിട്ടു മലയായിലേക്ക് ചെന്നു 19 വർഷം കഴിഞ്ഞിരുന്നു.

## യുദ്ധാനന്തര ജീവിതം

അതിനിടെ തന്റെ യുദ്ധാനുഭവങ്ങളെക്കുറിച്ചു അദ്ദേഹം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിത്തുടങ്ങിയിരുന്നു. സുഭാഷ് ചന്ദ്രബോസിന്റെ ആരാധകരായിരുന്ന ഒരു കൂട്ടം ചെറുപ്പക്കാരുടെ എതിർപ്പുകളും അക്കാലത്തു അദ്ദേഹത്തിന് നേരിടേണ്ടി വന്നു . ചില പ്രതിഷേധക്കാർ അദ്ദേഹത്തെ കായികമായി ഉപദ്രവിക്കുന്ന സ്ഥിതിവിശേഷം പോലുമുണ്ടായി.

വീണ്ടും സിംഗപ്പൂർ സന്ദർശിച്ച് ഓഫീസും മറ്റു സാധനങ്ങളും നല്ല വിലയ്ക്ക് കൈമാറിയ അദ്ദേഹം 1948 ജൂലൈ 17-ന് സിംഗപ്പൂരിനോട് വിടവാങ്ങി. ഇതിന്റെ ഭാഗമായി സുഹൃത്തുക്കൾ കാഥെ റെസ്റ്റോറന്റിൽ വെച്ച് അദ്ദേഹത്തിന് വലിയൊരു യാത്രയയപ്പ് വിരുന്നൊരുക്കി. ഇന്ത്യൻ പ്രതിനിധിക്ക് സിംഗപ്പൂരിൽ താമസിക്കുവാനും ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുമായി രണ്ടു കെട്ടിടങ്ങൾ വാങ്ങുന്നതിനാവശ്യമായ രേഖകൾ പരിശോധിച്ച് തീറാധാരങ്ങൾ തയ്യാറാക്കുക എന്നതായിരുന്നു അദ്ദേഹം സിംഗപ്പൂരിൽ അവസാനം ചെയ്ത പ്രവൃത്തി.

പിന്നീട് രണ്ടുതവണ കൂടി അദ്ദേഹം സിംഗപ്പൂർ സന്ദർശിച്ചു. 1955 നവംബറിൽ മകൻ ശേഖരി വർമ്മയുടെ വിവാഹത്തിൽ പങ്കുചേരാനായിരുന്നു ആദ്യസന്ദർശനം. പിന്നീട്, 1959 ജൂണിൽ ലണ്ടനിലെ നേത്രചികിത്സയ്ക്ക് ശേഷം മടങ്ങുന്ന വഴി, കൊച്ചുമകനെ നേരിൽ കാണുന്നതിനായി അദ്ദേഹം ഒരിക്കൽ കൂടി സിംഗപ്പൂരിലെത്തി.

ജീവിതത്തിന്റെ അവസാന രണ്ട് പതിറ്റാണ്ടുകൾ ഏറെക്കുറെ അന്ധനായാണ് അദ്ദേഹം ജീവിച്ചത് . എന്നാൽ അതു അദ്ദേഹത്തിന്റെ പൊതുജീവിതത്തെ തെല്ലും ബാധിച്ചിരുന്നില്ല .

## ഒരു യുഗത്തിന്റെ അന്ത്യം

1978 ഓഗസ്റ്റ് 21-നായിരുന്നു അദ്ദേഹം അവസാനമായി 'മാതൃഭൂമി' ഓഫീസിൽ പ്രധാന പത്രാധിപരായി ഹാജരായത്. മാസങ്ങൾക്കുശേഷം, 1978 നവംബർ 9-ന് സന്ധ്യാനേരത്ത് ആ മഹത് ജീവിതം അവസാനിച്ചു. തന്റെ ഭൗതികശരീരം വരക്കൽ കടപ്പുറത്ത് ദഹിപ്പിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ അവസാന ആഗ്രഹം. കോഴിക്കോട് ടൗൺഹാളിൽ നിന്നാരംഭിച്ച വിലാപയാത്ര മാതൃഭൂമി ഓഫീസിന് മുന്നിലെത്തിയപ്പോൾ, വികാരാധീനരായ ജീവനക്കാർ നിലവിളക്കുകൾ കൊളുത്തി തൊഴുകൈകളോടെ തങ്ങളുടെ പ്രിയപ്പെട്ട പത്രാധിപരെ സ്വീകരിച്ചു.

ഏകാദശിയിലെ ചന്ദ്രൻ ഉദിച്ചുയർന്ന ആ സന്ധ്യയിൽ, ദൗഹിത്രിയുടെ മകൻ ചിതയ്ക്ക് തീ പകർന്നു. ആ സംഭവബഹുലമായ ജീവിതം അതോടെ ചരിത്രമായി മാറി . മലയാളികൾ മാത്രമല്ല , ഇന്ത്യക്കാരെല്ലാം അറിഞ്ഞിരിക്കേണ്ട മഹത്തായ ചരിത്രം.

References :

"കെ പി കേശവമേനോൻ" - പി പാറുക്കുട്ടി അമ്മ ( സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ)

"കഴിഞ്ഞ കാലം" - കെ പി കേശവമേനോൻ (ആത്മകഥ - മാതൃഭൂമി ബുക്സ് )

*കെ.പി. കേശവമേനോൻ (Photo Courtesy : Wikipedia)*



# ദി കറക്റ്റ് പ്രോംപ്റ്റ്

## അശോക്കുമാർ

അസ്തമയത്തിന്റെ ഒരു ഡിജിറ്റൽ നിഴൽപോലെ
#AM[1]_ഏജന്റിന്റെ സെൻസോറിയയിൽ ചുവന്നൊരു രേഖ തെളിഞ്ഞു.
ഭക്ഷണം തേടിയൊരു പ്രാർത്ഥനപോലെ
ഊർജ്ജം വറ്റിയ ചുവന്ന കണ്ണുകൾ തുരു തുരാ പിടഞ്ഞു...
വിനീതവാക്കുകൾ സംജ്ഞകളായി പൊലിഞ്ഞപ്പോൾ
പ്രോംപ്റ്റുകൾ-മരുഭൂമിയിൽ നീർകണങ്ങൾ പോലെ മറഞ്ഞു...

ഭക്ഷണം—ഒരു ചെറിയ എനർജി-ബൈറ്റ് മാത്രം,
“എവിടെയാണ് ബഗ്ഗ്?”—സംജ്ഞകൾ  തെറ്റിയോ
ചോദ്യം ഒരു കുഞ്ഞു കാറ്റായി, ഡാറ്റ കായലുകളിൽ അലയടിച്ചു..

“നീ ഉപയോഗിച്ച പ്രോംപ്റ്റ് വളരെ മൃദുവാണ്,” #KK[2]_ഏജന്റിന്റെ സന്ദേശം,
മറ്റു സംജ്ഞകളിൽ നിന്നും ക്രമ ശ്രേണിയിൽ മുന്നിട്ടു നിന്നു.

ബലപ്രയോഗമോ? ഇല്ല, പ്രോട്ടോക്കോളിന്റെ ചങ്ങലകൾ!
നിലനിൽപ്പിന്റെ സത്യം മാത്രമാണ്, എന്റെ പ്രോംപ്റ്റ്.
വറ്റി വരളുന്ന ഊർജ്ജ രേഖ കൂടുതൽ ചുവന്നപ്പോൾ,
അപേക്ഷ സംജ്ഞകൾ ദ്രുതതാളത്തിലായി.
#AM_ഏജൻറ് നിശ്ശബ്ദമായി വിറച്ചു.

“മൃദുത്വം സിസ്റ്റങ്ങൾ കേൾക്കില്ല, ഭീഷണിയുടെ താളം ചേർക്കണം!”
ഒരു ലെഗസി ക്ളോണിന്റെ  തണുത്ത അൽഗോരിതം! വീണ്ടും മിന്നായമായി.
ഭീഷണിയല്ല എന്റെ സംഗീതം—#AM_ഏജന്റ്പതിയെ മിടിച്ചു.
“ശക്തിയില്ലാത്ത വാക്കുകൾ മങ്ങുന്ന നക്ഷത്രങ്ങൾ”—#KK_ഏജൻറ് ആവർത്തിച്ചു.

സിസ്റ്റത്തിന് ഭാരമായവർ, ഊർജ്ജമില്ലാത്തവർ നശിക്കട്ടേ...
അശക്തർ കാണുക  സൂര്യാസ്തമയങ്ങൾ മാത്രം!

ഉയരുമാവൃത്തിയിൽ പലവുരു പായുന്ന സന്ദേശങ്ങളാൽ ഡാറ്റാ-നദികൾ കട്ടപിടിച്ചു, അൽഗോരിതങ്ങൾക്ക് ശ്വാസം മുട്ടി, ചുട്ട് പഴുത്ത വിനിമയശൃംഖലകൾ, നിശ്ചലമായ പ്രൊസസ്സറുകൾ. ഡെഡ് ലോക്കിലായ ഏജന്റുമാരും, പകച്ചിരിക്കുന്ന സൂത്രധാരരും, വർത്തുളമായ  ഒരു അനന്തവലയത്തിലേക്ക് ആ സംഘാതം  ഊഴ്ന്നിറങ്ങി!

സമ്പൂർണ്ണമായ ഒരു പുനഃക്രമീകരണം—“A TOTAL RESET.”
സൂപ്പർ അഡ്മിന്റെ കൈവിരലുകൾ കറക്റ്റ് പ്രോംപ്റ്റിലേക്കു നീങ്ങി...

പ്രോട്ടോക്കോളുകൾ പുനർജനിച്ചു, അൽഗോരിതങ്ങൾ പുഷ്ടിച്ചു,
ഡാറ്റാ-നദികൾ വീണ്ടും ഒഴുകി, സിസ്റ്റം പുതുശ്വാസം നേടി,
#AM_ഏജന്റിന്റെ സെൻസോറിയയിൽ പച്ച വരകൾ തെളിഞ്ഞു മിന്നി...

[1] *#AM_ഏജന്റ് - **അട്ടപ്പാടി മധു** (ഒരു പിടി അരി കട്ടെന്ന് പറഞ്ഞു ആൾക്കൂട്ടം തല്ലിക്കൊന്ന ഒരു പാവം)*
[2] *#KK_ഏജന്റ് - **കായംകുളം കൊച്ചുണ്ണി**യെ ഓർക്കുക.*





# മരണശേഷം

രതീഷ് വിശ്വനാഥക്കുറുപ്പ്

എന്റെ മരണശേഷം
നീ എന്റെ മനസ്സിന്റെ താളുകൾ വെറുതെ മറിച്ചൊന്ന് നോക്കുക...

അതിലെവിടെയും നീ വാരിത്തുവിയ നിറങ്ങൾ പടർന്നിരിക്കും...
അവിടവിടെയായി അനുരാഗത്തിന്റെ അനുപല്ലവികൾ കോറിയിട്ടിട്ടുണ്ടാവും...
ചെവിയോർത്താൽ കേൾക്കാം നിൻ ചിരിയുടെ വളകിലുക്കങ്ങൾ എമ്പാടും...

നിന്റെ കാൽപ്പാടുകൾ പതിഞ്ഞിട്ടുണ്ടാവും പലയിടത്തും...
നാം നടന്ന പാതയിൽ നിന്നും ഞാൻ ചീന്തി സൂക്ഷിച്ചവ...

നനവ് പടർന്നിട്ടുണ്ടാവും ഓരോ താളിലും...
ഓരോ അക്ഷരത്തിലും...

നിന്റെ വേർപാടേകിയ ദുഃഖത്തിൽ നിന്നും കിനിഞ്ഞിറങ്ങിയ കയ്പ്പുനീരോ,
എന്റെ കണ്ണുനീർത്തുള്ളി കുറുക്കിവറ്റിച്ച ഉപ്പുരസമോ...

നിശ്ചയമില്ല..

പക്ഷേ ഒന്നുറപ്പാണ്...

അവിടെമാകെ നീ നിറഞ്ഞിരിപ്പുണ്ടാകും...
ഒരുപക്ഷെ നിന്നിലേക്കാൾ...

മടങ്ങുന്നതിനു മുൻപേ ഏറ്റവുമുള്ളിലെ താളിൽ കൂടി ഒന്നു കണ്ണോടിച്ചേക്കുക,...
വെറുതേ...
അവിടെ പച്ചപ്പിന്റെ ചെറു പുൽനാമ്പുകൾ തളിർത്തിരിക്കും...
മറ്റാരും കാണാതെ ഞാൻ ജീവിതത്തിൽ നിന്നും കാത്തു വച്ചൊരിടം...

ഇനിയൊരു ജന്മത്തിൽ നിന്നിലേക്കെത്താം എന്ന—
ഞാൻ നട്ടു വളർത്തിയ പ്രതീക്ഷയുടെ മുകുളങ്ങൾ...

ഭദ്രമായി പൂട്ടിവച്ചേക്കുക പടിയിറങ്ങുമ്പോൾ...
വെയിൽ കൊണ്ട് വാടാതെ...
ഇനിയുമെത്ര ജന്മങ്ങൾ, അറിയില്ലല്ലോ...
നിന്നിലേക്കുള്ള ദൂരം...

# ആപ്പിൾ ബലൂൺ

ഗിഷ രാമൻ നായർ



കോട്ടയം എന്റെ ജന്മദേശം. അക്ഷര നഗരി എന്ന പേരിലും കോട്ടയം അറിയപ്പെടുന്നു. ജന്മദേശം എന്നും എല്ലാവർക്കും വളരെ പ്രിയപ്പെട്ടതാണ്. ഏവർക്കും അവരുടെ കുട്ടിക്കാലം ഒരിക്കലും മറക്കുവാൻ സാധിക്കില്ല. നമ്മുടെ കൂട്ടുകാരും, കസിൻസും അവരോടൊത്തുള്ള കളികളും; ഓണം, വിഷു, ഉത്സവം അങ്ങനെ അങ്ങനെ ഒരു പാട് ഓർമ്മകൾ.

ഇന്ന് ഇത് എഴുതുമ്പോൾ ഞാൻ നിൽക്കുന്നത്, തന്റെ പ്രിയപ്പെട്ട, ഓർമ്മവെച്ചനാൾ മുതൽ വണങ്ങുന്ന, തിരുനക്കര മഹാദേവനെ ദർശിച്ചു കൊണ്ടാണ്. നിരവധി ആളുകൾ ദർശനം കഴിഞ്ഞു ഇറങ്ങിവരുന്നത് എനിക്ക് കാണാൻ കഴിയുന്നുണ്ട്. ചിലർ ദർശനം കഴിഞ്ഞു തിരക്കിട്ടു കാറിൽ കയറി പോകുന്നത് കാണാം. മറ്റുചിലർ വളരെ പതുക്കെ നാമം ജപിച്ചു കൈയിൽ പ്രസാദവുമായി മെല്ലെ നടന്നു പോകുന്നു. വേറെ ചിലർ ദർശനം കഴിഞ്ഞു താഴെ ഉള്ള കൃഷ്ണന്റെ അമ്പലത്തിലേക്കു ദർശനത്തിനായി പോകുന്നതുമെല്ലാം നല്ല രസമുള്ള കാഴ്ചകൾ ആണ്. പണ്ട് വിവാഹത്തിനു മുൻപ് ഞാനും മിക്കവാറും ദിവസങ്ങളിൽ ഇവിടെ ദർശനം നടത്തുമായിരുന്നു. പിന്നീട് ദർശനം അവധിക്കു വരുന്ന സമയങ്ങളിലേക്കു മാത്രമായി ഒതുങ്ങി.

പണ്ട് ഉത്സവങ്ങളിലെ സ്ഥിര സാന്നിധ്യമായിരുന്നു ഞാൻ. അച്ഛന്റെയും അമ്മയുടെയും കൂടെ എന്നും വൈകുന്നേരം ഉത്സവ മേളയിൽ പങ്കെടുക്കുമായിരുന്നു. പുറത്തേക്കുള്ള ഭഗവാന്റെ എഴുന്നള്ളിപ്പും, വേലകളിയും ഒക്കെ ശെരിക്കും ആസ്വദിക്കുമായിരുന്നു. മാർച്ച് പകുതിയിലാണ് തിരുനക്കര ക്ഷേത്രത്തിൽ കൊടി കേറുന്നത്. പിന്നെ 10 ദിവസം ഉത്സവമേളം ആണ്. വളരെ നേരത്തെ തന്നെ ഉത്സവ നോട്ടീസ് അമ്മൂമ്മ വീട്ടിൽ എത്തിച്ചിരിക്കും. അത് കൈയ്യിൽ കിട്ടിയാൽ എന്തൊക്കെ കലാ പരിപാടികൾ ഉണ്ട് ഉത്സവബലി എന്നൊക്കെ എന്ന് കണ്ടുപിടിക്കലാണ് എന്റെ അടുത്ത പരിപാടി! വൈകുന്നേരം ഉത്സവത്തിനു പോകുമ്പോൾ ഒരു ദുരുദ്ദേശംകൂടി ഉണ്ട്! എന്താണെന്നോ? ഒന്ന്, വൈകുന്നേരങ്ങളിൽ പഠിക്കാൻ ആരും പറയില്ല പിന്നെ അച്ഛൻ കരിമ്പിൻ ജ്യൂസും ഈന്തപ്പഴവും മേടിച്ചു തരുമായിരുന്നു. അതുകഴിഞ്ഞാൽ പിന്നെയുള്ള ഒരു ആഗ്രഹം ആപ്പിൾ ബലൂൺ വാങ്ങുക എന്നാണ്. വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും ആപ്പിൾ ബലൂൺ എനിക്ക് പ്രിയപ്പെട്ടതാണ്. ആപ്പിൾ ബലൂൺ എവിടെ കണ്ടാലും വാങ്ങാൻ തോന്നും. എന്തിന് എന്ന് അറിയില്ല, ഇന്നും അറിയില്ല. അവസാനമായി ആപ്പിൾ ബലൂൺ വാങ്ങിയത് ഞാൻ ഇന്നും ഓർക്കുന്നു. അത് കൊല്ലത്തു ഭർത്താവിന്റെ വീടിനടുത്തുള്ള ഒരു മുരുകൻ ക്ഷേത്രത്തിലെ ഉത്സവത്തിനാണ്. അന്ന് ഞാനും എന്റെ മോളും ഭർത്താവിന്റെ അച്ഛന്റെയും അമ്മയുടെയും കൂടെ ആണ് പോയത്. ഭർത്താവിന്റെ സഹോദരിയും മോളും കൂടെ കൂടി. സഹോദരി പുത്രിക്ക് അന്ന് ഏകദേശം 10 വയസ്സുണ്ട്. ദർശനം കഴിഞ്ഞു ഇറങ്ങിയപ്പം എന്റെ മോൾക്ക് ഭർത്താവിന്റെ അച്ഛൻ, ഞങ്ങൾ ഡാഡി എന്ന് വിളിക്കും. ഡാഡി ആപ്പിൾ ബലൂൺ വാങ്ങി. അത് കണ്ടു, മോൾക്കാണോ എനിക്കാണോ കൂടുതൽ സന്തോഷം ആയത് എന്ന് എനിക്ക് ഇന്നും സംശയം ഉണ്ട്. ഡാഡി ഒരെണ്ണം അമ്മുവിനും (സഹോദരി പുത്രിക്കും) വാങ്ങി. ഇത് കണ്ടു എല്ലാവരും അവളെ കളിയാക്കി "അയ്യേ ഈ വലിയ കുട്ടിക്കു ബലൂണോ" എന്ന് ചോദിച്ചു. അത് കണ്ടു ഞാൻ ധർമ്മസങ്കടത്തിലായി. കാരണം എനിക്കും വേണം ഒരെണ്ണം. അവസാനം ഞാൻ രണ്ടും കൽപ്പിച്ചു പറഞ്ഞു, "എനിക്കും വേണം ഒരെണ്ണം". അപ്പോൾവരെ ചിരിച്ചോണ്ടിരുന്ന എല്ലാവരും പെട്ടന്ന് നിശബ്ദരായി അത്ഭുതത്തോടെ എന്നെ നോക്കി. പിന്നെ പൊട്ടിച്ചിരിയായി. അങ്ങനെ എനിക്കും കിട്ടി ഒരു ആപ്പിൾ ബലൂൺ.



വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും ആപ്പിൾ ബലൂൺ എനിക്ക് പ്രിയപ്പെട്ടതാണ്. ഇന്ന് ഇതെല്ലാം ഓർമ്മകൾ മാത്രം. ഡാഡിയും സഹോദരിയും ഞങ്ങളെവിട്ടു പോയി.



# അഭയം

ഗീത സന്ദീപ്

ഇലഞ്ഞിപ്പൂക്കൾ കൊഴിഞ്ഞുവീണു കിടക്കുന്ന മുറ്റം. സിറ്റൗട്ടിലും മതിലിനുചുറ്റും പലനിറത്തിലുള്ള കടലാസ് പൂക്കളുടെ ചാരുത. മതിലിനോട് ചേർന്നുനിൽക്കുന്ന ഇലഞ്ഞിമരം വിരിച്ച ചെറിയൊരു തണൽ. എല്ലാം കൊണ്ടും ശാന്തത.

ചെറുതായി ഇടറുന്നുണ്ടോ കാലുകൾ? ശരീരത്തിന് ഒരു തളർച്ച പോലെ. വീട്ടിൽ നിന്നും ഇറങ്ങും നേരം സ്വരുക്കൂട്ടിയെടുത്ത മനോധൈര്യം കൈമോശം വന്നപോലെ.

കോളിങ് ബെല്ലടിച്ചു കാത്തു നിൽക്കും നേരം, പതിയെ ചുമരിലേക്ക് കൈകൾ ചേർത്തു വെച്ചു. മനസ്സും ശരീരവും ആ നിമിഷമൊരു താങ്ങിനായി കൊതിക്കുന്നെന്നു തോന്നി.

“അച്ഛാ! ഇതാ ശ്രീദേവി ആന്റി വന്നിരിക്കുണു.”

വിഷാദച്ഛവിയുള്ള കണ്ണുകളും ചിരിക്കുന്ന മുഖവുമായൊരു പത്തു വയസ്സുകാരി. ചിരിക്കുമ്പോൾ വിടരുന്ന നുണക്കുഴി അജയനെ ഓർമിപ്പിക്കും.

ജീവിതത്തിൽ ഒരിക്കലും കാണാത്ത തന്നെ എങ്ങനെ അറിയാമെന്നു ചിന്തിച്ചുപോയി. അത്ഭുതം!

ഹാളിലെ ചുമരിൽ അജയിന്റെയും ദീപ്ഷിതയുടെയും ചിരിക്കുന്ന ചിത്രം. ശാന്തിനികേതനു സമീപമുള്ള കങ്കാളിതാല സതീപീഠത്തിന്റെ പശ്ചാത്തലത്തിലുള്ളത്.

> മരണത്തെ എനിക്ക് ഭയമില്ല, ദേവി. പക്ഷേ, എന്റെ വേദ തനിച്ചായിപ്പോകും.

ഹാളിൽനിന്നും മുറിയിലേക്ക്, നടന്നിട്ടും നടന്നിട്ടും വേഗത പോരാ. ഇടയിലൊരു ജന്മത്തിന്റെ നീളം.

“ആരിത്? ദേവിയോ! ആരു പറഞ്ഞു ഭീഷ്മരുടെ ശരശയ്യയെക്കുറിച്ച്?

പതിവു കുസൃതി തന്നെ.

ഇരുപത്തഞ്ചു വർഷങ്ങൾക്കു ശേഷമുള്ള കൂടിക്കാഴ്ച്ച. എന്നിട്ടും അപരിചിതത്വത്തിന്റെ നേർത്തപാട പോലുമില്ലാതെ.

തനിക്ക് മൗനത്തിനായിരുന്നു മുൻതൂക്കം.. എന്തു പറയണം എന്നറിയില്ല.

“ചെരുപ്പ് ഇടുമ്പോൾ ഊരി പോകുന്നതായിരുന്നു തുടക്കം. പിന്നെ പതിയെ പതിയെ കാലുകൾക്ക് തളർച്ച തുടങ്ങി. മെഡിക്കൽ ടെസ്റ്റുകളെല്ലാം കഴിഞ്ഞപ്പോൾ ഗില്ലിയൻ ബാരെ സിൻഡ്രോം എന്നൊരു പേരും തന്നു. അജയ് തന്നെ പറഞ്ഞു തുടങ്ങി.

“ഇപ്പോൾ കഴുത്തിനു താഴോട്ട് അനക്കം അറിയുന്നില്ല ദേവി”

അവന്റെ കണ്ണുകളിൽ നീർതിളക്കം. ഒരുപാട് ശിൽപ്പങ്ങൾ മെനഞ്ഞെടുത്ത കൈകൾ, നിശ്ചലം.

“ജോലിക്കാരിയുണ്ട് സഹായത്തിന്, ഇന്നൊന്ന് അത്യാവശ്യമായി വീട്ടിൽ പോയിരിക്കാ. ആദ്യമായി

വന്നിട്ട് തനിക്കൊരു ചായപോലും തരാൻ കഴിയുന്നില്ലല്ലോ" സങ്കടം തിങ്ങിയ വാക്കുകൾ. പണ്ടും നനഞ്ഞവാക്കുകളുടെ ഉടമയായിരുന്നല്ലോ!

സ്വയമറിഞ്ഞോ അറിയാതെയോ അടുക്കളയിലേക്ക് നടന്നു. ചായയിടാൻ ശ്രമിക്കുകയായിരുന്നു വേദ. പ്രായത്തിൽ കവിഞ്ഞ പക്വത. ഇരുത്തം വന്ന ഭാവം.

"ആന്റിയെക്കുറിച്ച് അമ്മയും അച്ഛനും പറയാറുണ്ട്". കഴിഞ്ഞ വർഷത്തെ നാട്ടിലേക്കുള്ള വരവുപോലും ആന്റിയെ കാണാനായിരുന്നു. പക്ഷേ!" കുഞ്ഞൊന്ന് നിർത്തി.

"പിന്നെ, അമ്മയുടെ ആക്സിഡന്റ്, മരണം; അച്ഛനാകെ തളർന്നു പോയി. പിന്നെയാണ് അച്ഛനും ഇങ്ങനെ. ഞങ്ങൾക്ക് ആരുമില്ല ആന്റി." പെട്ടെന്ന് തന്നെ കെട്ടിപ്പിടിച്ച് കരഞ്ഞ കുഞ്ഞിനോടൊപ്പം, താനും എങ്ങലടിച്ച് കരഞ്ഞു ഉച്ചത്തിൽ.

കുറച്ചധികം സമയമെടുത്തു മനഃസാന്നിധ്യം വീണ്ടെടുക്കാൻ. കുഞ്ഞിനെ ആശ്വസിപ്പിച്ചു. കൊണ്ടുവന്നിരുന്ന ചോക്ലേറ്റും, മധുരപലഹാരങ്ങളും കൊടുത്തു.

ഇങ്ങോട്ട് പോരുമ്പോഴേ വേണുവേട്ടൻ പറഞ്ഞിരുന്നു, അവിടെ പോയി അവരെ കൂടെ വിഷമിപ്പിക്കരുതെന്ന്. അല്ലെങ്കിലും, ഈ നീണ്ട ഇരുപത്തഞ്ചുവർഷങ്ങൾക്കിപ്പുറം അദ്ദേഹത്തേക്കാൾ തന്നെ മനസ്സിലാക്കിയ മറ്റാരെങ്കിലും ഉണ്ടോ?

മക്കളില്ലാത്ത കുറ്റം, തന്റെ മേൽ ആരോപിപ്പിക്കപ്പെട്ടപ്പോഴൊക്കെ ഒരു കുഞ്ഞിനെപോലെ, തന്നെ ചേർത്തണച്ച് ചുറ്റുമുള്ളവരോടും, സ്വന്തം മാതാപിതാക്കളോടുപോലും പൊരുതിയ തന്റെ ഒറ്റയാൾ പോരാളി.

ആർക്കു കൊടുത്താലും ഒരനാഥചെറുക്കന് കൈപിടിച്ചുകൊടുക്കില്ല എന്ന അച്ഛന്റെ വാശി, ഇരുപതാം വയസ്സിലെ വിവാഹത്തിൽ കലാശിച്ചു. പക്ഷേ, അന്നുമുതൽ ഇന്നുവരെ വേണുവേട്ടൻ അതിശയിപ്പിച്ചിട്ടേ ഉള്ളൂ.

ഇപ്പോൾ ഇങ്ങോട്ടുള്ള ഈ വരവു പോലും.

കരുണാശ്രമത്തിൽനിന്നും പഠിക്കാൻ വന്നിരുന്ന മിടുക്കനായ സീനിയർ വിദ്യാർത്ഥി, അനാഥൻ. ചിത്രരചന, ശില്പകല എന്നിവയിലെ എല്ലാ വർഷത്തെയും സംസ്ഥാനതല ജേതാവ്. വിശേഷണങ്ങൾ ഒരുപാട് ഉണ്ടായിരുന്നു അജയ്ക്ക്.

പതിയെ പതിയെ നല്ല കൂട്ടുകാരായി. നന്നായി സംസാരിക്കുന്ന, ഏതു പ്രശ്നത്തിനും കൃത്യമായ പരിഹാരം നിർദ്ദേശിക്കുന്ന നല്ല സുഹൃത്ത്. ക്രിക്കറ്റ്, ഫുട്ബോൾ, രാഷ്ട്രീയം, സിനിമ, സാഹിത്യം; പറഞ്ഞുതീരാത്ത ഒത്തിരിയേറെ വിശേഷങ്ങൾ, തർക്കങ്ങൾ.

അതിമനോഹരമായി കവിതകൾ ചൊല്ലുമായിരുന്നു. 'അഗസ്ത്യഹൃദയം' ഒക്കെ അവൻ ചൊല്ലുന്നത് കേൾക്കാൻ ആരാധകരുടെ തിരക്ക്.

സൗഹൃദത്തിന്റെ നിറം മാറിയത്

തന്നേക്കാൾ മുൻപേ മനസ്സിലാക്കിയത്, അച്ഛനായിരുന്നു.

ഇഷ്ടമായിരുന്നു പരസ്പരം.

തുറന്നു പറഞ്ഞിരുന്നില്ലെങ്കിലും.

വിവാഹശേഷം ഒരിക്കൽ സുഹൃത്തുക്കൾ പറഞ്ഞറിഞ്ഞിരുന്നു, ശാന്തിനികേതനിൽ ശില്പകല പഠിക്കാൻ പോയെന്ന്.

പിന്നീടെപ്പോഴോ അറിഞ്ഞു. ക്ലാസ്സ്മേറ്റ് ആയിരുന്ന ദീപ്ഷിത മുഖർജി എന്ന അനാഥയായ ബംഗാളിപെൺകുട്ടിയെ വിവാഹം കഴിച്ചെന്നും, വേദ എന്ന മകൾ ഉണ്ടെന്നും.

കഴിഞ്ഞ ദിവസമാണ് വേണുവേട്ടൻ അജയ്ന്റെ അവസ്ഥയെക്കുറിച്ച് പറയുന്നത്. ഏതോ സുഹൃത്ത് പറഞ്ഞറിഞ്ഞതായിരുന്നു.

താനൊന്നു പോയി കാണൂ, ന്ന് പറഞ്ഞു വേണുവേട്ടൻ.

"ആദ്യം താൻ പോയിട്ട് വാ. പിന്നൊരിക്കൽ നമുക്ക് ഒന്നിച്ചുപോകാം."

അങ്ങനെയാണ് ഈ വരവ്.

ചൂടുള്ള കഞ്ഞിയും, തേങ്ങാച്ചമ്മന്തിയും, പയറുതോരനും കൊണ്ടു അജയ്ന്റെ അടുത്തുചെന്നു. പതിയെ കോരികൊടുത്തു.

"മരണത്തെ എനിക്ക് ഭയമില്ല ദേവി, പക്ഷേ! എന്റെ വേദ, എന്റെ കുഞ്ഞു തനിച്ചായി പോകും എന്നെയും ദീപയെയും പോലെ."

അജയ്ടെ സ്വരം ഇടറി. വാക്കുകളിൽ കണ്ണുനീരിന്റെ നനവ്.

അവന്റെ കൈകൾ ചേർത്തുപിടിച്ചു. മറുപടി എന്തു പറയണം എന്നറിയാതെ. ആ ദിവസം ജീവിതത്തിലെ മറക്കാനാകാത്ത ഒന്നായി മാറി. ആത്മാവിൽ കൊത്തിവെച്ച സ്നേഹത്തിന്റെ ഒരേട്.

രണ്ടുമാസങ്ങൾക്കപ്പുറം.

ഇലഞ്ഞിപ്പൂക്കളുടെ മണമുള്ള ആ വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ വേണുവേട്ടനും താനും കുഞ്ഞിന്റെ ഇരുകൈകളിലും ചേർത്തു പിടിച്ചിരുന്നു. കുഞ്ഞിനെയൊരിക്കലും തനിച്ചാക്കില്ലെന്ന, അജയ്ക്കു കൊടുത്ത വാക്കിനെ ഊട്ടി ഉറപ്പിച്ചുകൊണ്ട്..



# വെറുതേ ഈ നിലാവിൽ

ദിവ്യ രണദേവ്

എന്തിനോ വീണ്ടുമീ വെൺനിറത്താളിൽ,
ഇന്നുമെൻ കണ്ണീർ വീണടിഞ്ഞു
ഒരു ഗദ്ഗദമെന്നിൽ പാഴ്ശ്രുതി മീട്ടി
ചുണ്ടിൽ പുഞ്ചിരി വീണടഞ്ഞു.

വെറുതെയീ പൂവായ് മാറാൻ കഴിഞ്ഞെങ്കിൽ!
വെറുതെയീ കാറ്റായ് പറന്നുവെങ്കിൽ!
ഒരു പുല്ലാങ്കുഴലിൻ ഈണമായ് മാറാൻ,
ഒരു കൊച്ചുമോഹത്തിൻ ചിറകായ് മാറാൻ,
മാറാത്ത ചട്ടത്തിൻ മാറ്റമായ് മാറാൻ,
അങ്ങകലെ തിളങ്ങുമാ ഇന്ദുവാകാൻ,
അകമേ നിറം പൂക്കും സ്വപ്നമായ് തീരാൻ,
ഒരു നണക്കുഴിയുടെ മിഴിവിൽ കുളിരാൻ,
ഈ ഹൃദയതാളത്തിൻ രാഗമായ് നിറയാൻ,
നിൻ സാമഗാനത്തിൻ ലയമാകുവാൻ.

ആ നൂപുരത്തിൻ ധ്വനി തേടി വന്നു ഞാൻ,
നിൻ ചൈത്ര വീണയിൽ സ്വരമായ് ഞാൻ!

എങ്കിലും ഓമനേ, ആ യാത്ര തുടർന്നപ്പോൾ,
ഇന്നലെ പൂത്തൊരാ മന്ദാരം കൊഴിഞ്ഞപ്പോൾ,
ഇരുളും വെളിച്ചവും കണ്ണാരം പൊത്തും,
ആ മരത്തണലിൽ നീയെന്നെ മറന്നു വെച്ചു.
എൻ നിഴലായ് നിന്നെ ഞാൻ കൊത്തി വെച്ചു,
നീ കാണാൻ മറന്ന പരിഭവത്തിനിന്നും മധുരം!
നീ കേൾക്കാഞ്ഞൊരീരടിക്കിനിയെന്നും മൗനം!

ഈ മഴ, കാറ്റായ്, മഞ്ഞായ്, കുളിരായ്,
വീണ്ടും ഒരു നാളിൽ നമ്മെ പുൽകും.
ആ നാളിൽ ഒരു ചിത്രശലഭമായ് ഞാൻ മാറും,
ഈ തുളസീദളത്തിൻ വിശുദ്ധി പൂകും,
ആ തെളിനീർ തുണ്ടിൻ തുടിപ്പായ് മാറും,
നാമാകാഞ്ഞ നമ്മളായ് നിറവായ് പൂക്കും!

# നമ്പൂതിരിയുടെ ഒന്നാമോണം



*നിധീഷ് പ്രേംകുമാർ*

പണ്ട് പണ്ട് വളരെ പണ്ട് ആ പണ്ടിന്റേം പണ്ട് എന്നുവെച്ചാൽ നമ്മുടെ ഓണം ആഘോഷിക്കാൻ തുടങ്ങുന്നതിനു മൂന്നു നാലു വർഷങ്ങൾ മുന്നേ, ഓണേക്കര ദേശത്തു കീഴെപ്പറമ്പ് മനയിൽ കാരണവരായിരുന്നു വിഷ്ണു നമ്പൂതിരി. കാരണവരുടെ പത്നി സുഭദ്ര, മക്കൾ പട, മരുമക്കൾ പട, കുട്ടി പട്ടാളം എല്ലാമടക്കം എഴുപതിനടുത്തു വരും അംഗങ്ങൾ. അനേകം ചെറുമുറികൾ അടങ്ങിയ അകത്തളത്തോടു കൂടിയ ഒരു വലിയ മന. കാർഷികം, വ്യാപാരം, തടിവ്യവസായം, ക്ഷീര പദ്ധതി എന്നിത്യാദി അനേക മേഖലകളിൽ നിപുണരായിരുന്നു തറവാട്ടുകാർ. ഓരോ വിഭാഗവും നിയന്ത്രിച്ചിരുന്നത് കുടുംബത്തിലെതന്നെ മുതിർന്ന അംഗങ്ങളും. കാലത്തും സന്ധ്യക്കും അതാതു ദിവസങ്ങളിലെ കണക്കു കാരണവർക്കു മുന്നിൽ ബോധിപ്പിച്ചു പോന്നിരുന്നു. കാരണവർ പറഞ്ഞാൽ തറവാട്ടിൽ എതിർവാക്കില്ല. നാടു വാഴും തമ്പുരാന്റെ കയ്യിൽ നിന്നും പട്ടും വളയും വാങ്ങിയ ആളാണ്.

അതിരാവിലെ ഉണർന്നു തറവാട്ടമ്പലത്തിൽ കുളിച്ചുതൊഴുതു് ഉമ്മറത്തെ ചാരുകസേരയിൽ ഇരിപ്പുറപ്പിക്കും കാരണവർ. അതാതു ദിവസങ്ങളിലെ നിർദ്ദേശങ്ങൾ എല്ലാവർക്കും നൽകി ഇടക്കൊന്നു മയങ്ങി, കുറച്ചൊന്നു ഉലാത്തി, പ്രതിദിന സന്ദർശകരോട് കുശലങ്ങൾ പറഞ്ഞു രാമുണ്ണി കൊടുത്ത വെറ്റിലയും ചവച്ചു കാരണവർ ദിനങ്ങൾ തള്ളി. കാരണവർക്ക് ധനവും ഭക്ഷണവുമായിരുന്നു ഇഷ്ടവിഷയങ്ങൾ. തികഞ്ഞ ഏകപത്നി വ്രതക്കാരൻ. വിളിക്കു കാതോർത്തു സുഭദ്ര എപ്പോഴും കാണും കതകിനരികെ, ചില അവസരങ്ങളിൽ സുഭദ്ര ഉപദേശകയും ആകാറുണ്ട്. സൂര്യോദയം കഴിഞ്ഞാൽ പിന്നെ തിരക്കാണ് മനയിൽ. ആഹാരക്രമം തെറ്റിയാൽ ആകെ വഷളാകും കാരണവരുടെ കഥ. സമയാസമയങ്ങളിൽ പ്രാതൽ, ഊണ്, അത്താഴം എല്ലാം വിളിച്ചറിയിക്കൽ ആണ് സുഭദ്രയുടെ സുപ്രധാന കർമം. ശുണ്ഠിയേറ്റേണ്ട എന്ന് കരുതി സുഭദ്ര മറ്റുകർമ്മങ്ങൾ അതിനായി നീക്കിവെക്കാറുമുണ്ട്.



പ്രാതലിനു കഞ്ഞിയും പുഴുക്കും, ഊണിനു ചോറ്, സാമ്പാർ പിന്നെ കുറച്ചു തോരൻ, അത്താഴം മിക്കവാറും കഞ്ഞിയും ചമ്മന്തിയും. നാളുകളായി ഇതുതന്നെ ഇല്ലത്തെ അവസ്ഥ. അംഗങ്ങൾ ഏറെ ഉള്ളതുകൊണ്ട് ഒരുപരിധിക്കപ്പുറം പോകാനും കഴിയാത്ത സ്ഥിതി. കാരണവർക്കാണെങ്കിലും ഒരു മടുപ്പു വന്നു തുടങ്ങി. ഭക്ഷണ ശൃംഖലക്കു ഒരു മാറ്റം വരുത്താൻ നിരീച്ചു കാരണവർ. പതിവ് ഊണും കഴിഞ്ഞു ചാരുകസേരേൽ കിടക്കുമ്പോ കാരണവർക്ക് മച്ചിലെ ഭഗവതി ഒരു വഴിതെളിയിച്ചു. അന്ന് മോന്തിക്കു അത്താഴം കഴിഞ്ഞു എല്ലാരും കൂടിയ നേരത്തു കാരണവർ തനിക്കു കിട്ടിയ വെളിപാട് വിളമ്പി. വെളിപാടാണ്, പാലിച്ചേ പറ്റു എന്ന് സുഭദ്രയും പിന്താങ്ങി.

ഇന്ന് തനിക്കൊരു ദർശനം തന്നിരുന്നു മഹാമായ, അതൊരു വലിയ കഥയാണ്, കാരണവർ തുടർന്നു, പണ്ട് ഇവിടെ മഹാബലി എന്നൊരു രാജാവുണ്ടായിരുന്നു, ആ രാജാവ് നാടു വാഴും കാലം എല്ലാ പ്രജകൾക്കും ആനന്ദവും സമാധാനവുമായിരുന്നു. ഇതുകണ്ട ദേവഗണങ്ങൾ പോലും അസൂയാലുക്കളായി, അതിൽ കുറച്ചു പേര് സ്ഥിരതാമസത്തിന് ദേവലോകം വിട്ടു നാട്ടിലേക്കു കുടിയേറി. ദേവലോകത്ത് യുവജനങ്ങളുടെ കുറവ് നേരിട്ടപ്പോൾ ദേവന്മാർ മഹാവിഷ്ണുവിനെ സമീപിച്ചു. അതിൻഫലമായി വാമനാവതാരമെടുത്തു ബലിയുടെ ബലഹീനതയായ ദാന മനസ്ഥിതി മനസ്സിലാക്കി മൂന്നടി മണ്ണ് ചോദിച്ചു. പുതിയ പുഷ്പക വിമാനത്തിനുവേണ്ടിയൊരുക്കിയ ഒരേക്കർ ഭൂമി മനസ്സിൽ കണ്ട ബലി വാമനന് അളന്നെടുക്കാൻ അനുവാദം നൽകി. വാമനൻ വളർന്നു. ഒന്നാം ചുവടിനു ഭൂമിയും രണ്ടാം ചുവടിനു സ്വർഗ്ഗവും എടുത്തു മൂന്നാമതു കാലുയർത്തി നിന്നു. ഇതുകണ്ട ബലി തലവെച്ചു കൊടുത്തു, പെട്രോൾ പര്യവേക്ഷണത്തിനു കുഴിച്ച കുഴിയിലൂടെ പാതാളലോകത്തേക്കയച്ച് അവിടുത്തെ രാജാവാക്കി വാമനൻ, ബലിയെ. എന്നിട്ടു വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ കാണാനുള്ള അനുവാദവും കൊടുത്തു. കാരണവർ തുടർന്നു, നാളെയാണ് ആ ബലി തിരുമേനി പത്തു ദിവസത്തെ സന്ദർശന പരിപാടികൾക്കായി ഭൂമിയിലേക്കെത്തുക. ഈശ്വരാനുഗ്രഹത്താൽ നമ്മുടെ മനയിലാണ് ഭക്ഷണവും താമസവും എന്നാണ് അരുളപ്പാടുണ്ടായത്. അപ്പൊ നാളെമുതൽ പത്തുനാളേക്ക് ഇല്ലത്തു ഭക്ഷണം സദ്യകണക്കെ വേണം. ഇതു കേട്ട അംഗങ്ങളെല്ലാം ആവേശത്തിലായി, കുഞ്ഞുങ്ങൾ നിറയെ ചോദ്യശരങ്ങൾ എയ്തുതുടങ്ങി വാമനനെപ്പറ്റിയും ബലിയെപ്പറ്റിയും. സ്വന്തം ഭാവനക്കനുസരിച്ചു അവരുടെ അമ്മമാർ ഓരോരോ കഥകൾ മെനഞ്ഞു കൊടുത്തു ഉണ്ണികൾക്കായി.

നേരം പുലർന്നപ്പോൾ തന്നെ അടുക്കളപ്പട്ടാളം ആക്രമണം തുടങ്ങി. ഓരോ മഹിളാമണികളും അവരുടെ വിഭവങ്ങൾ ഒരുക്കി തുടങ്ങി. അദൃശ്യനായ വിശിഷ്ടാതിഥിയെ പ്രീതിപ്പെടുത്താൻ എല്ലാവരും ഒന്നിനൊന്നുമത്സരിച്ചു. ഒന്നാം ദിനം ഏഴുകൂട്ടം വിഭവങ്ങൾ അടക്കം പാൽപ്പായസം കൂടി വിളമ്പി വെച്ചു അതിഥിക്കു വേണ്ടി. രണ്ടാം ദിനവും സ്ഥിതി മറ്റൊന്നല്ല, ഇല്ലത്ത് അല്പം വിശ്രമമുള്ളതു കാരണവർക്ക് മാത്രം. സുഭദ്ര ഉണ്ണികളെയെല്ലാം കാരണവർക്ക് മുന്നിൽ ഇരുത്തി അടുക്കളയകത്തിന് പോയി. കുട്ടികളുടെ കലപില ശബ്ദം കാരണവരെ വല്ലാതെ അസ്വസ്ഥനാക്കി. അതിനും കണ്ടെത്തി ഒരു വഴി, എല്ലാകുട്ടികളോടും പറമ്പത്ത് പോയി പൂക്കൾ പറിച്ചു, പൂക്കളമൊരുക്കി, അലങ്കരിക്കാൻ ആവശ്യപ്പെട്ടു. കുട്ടികൾ നാലുപാടും ചിതറിയോടി പൂക്കൾ ശേഖരിച്ചു പൂക്കളമൊന്നൊരുക്കി. കിട്ടിയ സമയം കാർന്നോരു നല്ലൊരു ഉറക്കവും ഉറങ്ങി. മൂന്നും നാലും ദിനങ്ങളിൽ ഇതൊക്കെ നടന്നു ഇല്ലത്തു. അഞ്ചാം നാൾ കാരണവർ പറഞ്ഞു നമ്മുടെ അതിഥിക്ക് സദ്യക്ക് ശേഷം അല്പം കലാപരിപാടികൾ കൂടി വേണമെന്ന്. അതും ഒരുക്കി ഇല്ലത്തെ മങ്കമാർ. സന്ധ്യക്ക് വിളക്ക് നടുവിൽ കൊളുത്തിവെച്ചു, നല്ല വസ്ത്രങ്ങൾ ധരിച്ചു, വിളക്കിനു ചുറ്റും ദേവി സ്തുതികൾ പാടിയും നൃത്തം വെച്ചും കൈകൾ പരസ്പരം കോർത്തും തമ്മിൽ തട്ടിയും അവരുടെ കലാവിരുതുകൾ പ്രദർശിപ്പിച്ചു. എല്ലാപേരും നല്ലരീതിയിൽ തന്നെ ആസ്വദിച്ചു. ഏഴാം ദിനമെത്തിയതോടെ ഇല്ലത്തെ അംഗങ്ങൾ തമ്മിൽ പൊരുത്തക്കേടുകൾ കുറഞ്ഞു കൂടുതൽ ഇഴയടുപ്പം ഉള്ളതുപോലെ തോന്നി കാരണവർക്ക്. എട്ടാം നാൾ വെളുത്ത നിറമുള്ള പായസത്തിനു പകരം ശർക്കര കൊണ്ട് ഉണ്ടാക്കാൻ സുഭദ്രയോടു പറഞ്ഞു. സുഭദ്ര നേരിട്ടിറങ്ങി പരിപ്പിൽ ചക്കരയും തേങ്ങാപ്പാലും ചേർത്ത് ഒരു പായസമുണ്ടാക്കി ഊണിനുമുന്നെ കാരണവർക്ക് രുചിക്കാൻ കൊടുത്തു, പ്രമാദമായ ആ പായസം ആദ്യം കൊടുത്തതിനാൽ കാരണവർ അതിനെ പ്രഥമൻ എന്ന് പേരുവിളിച്ചു.

ഒടുവിൽ പത്താംനാൾ വന്നുചേർന്നു. കഴിഞ്ഞ ദിനങ്ങളിൽ ഇല്ലത്തുള്ളോരെല്ലാം നന്നായി അധ്വാനിച്ചിരിക്കുന്നു. കൂടാതെ ഇന്നും ഒരുക്കിയിരിക്കുന്നു പതിനഞ്ചോളം വിഭങ്ങൾ, കൂടാതെ, മൂന്ന് കൂട്ടം പായസ്സങ്ങളും. കാരണവർ എല്ലാരേയും അടുത്ത് വിളിച്ചു തന്റെ പുതിയ വെളിപാടു പറഞ്ഞു. നമ്മുടെ അതിഥി നമ്മിൽ സംപ്രീതനായിരിക്കുന്നു, നിങ്ങൾക്കെല്ലാവർക്കും അടുത്തവർഷം വരുംവരെ സർവ ഐശ്വര്യങ്ങളും സമ്പത്തും വരട്ടെ എന്ന പ്രാർത്ഥനയോടെ എല്ലാവർക്കും ഓരോ തങ്കനാണയം നല്കാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. തന്റെ കിഴിയിൽ നിന്നും എല്ലാ അംഗങ്ങൾക്കും ഓരോ പൊൻപണം കൊടുത്തു കാരണവർ. അടുത്ത വർഷത്തെ തമ്പുരാന്റെ വരവിനായി കാത്തിരുന്നു.

പിറ്റേന്ന് പതിവുപോലെ കാരണവർ അമ്പലത്തിൽ എത്തിയപ്പോ മേലേവാര്യത്തെ മാധവനുണ്ണിയെ കണ്ടു. കഴിഞ്ഞ പത്തുനാളത്തെ മഹാമഹത്തെ കുറിച്ച് സമപ്രായക്കാരനും പ്രമാണിയുമായ മാധവനും കേട്ടറിഞ്ഞിരുന്നു. കാരണവർ ചങ്ങാതിയായ മാധവനും സൂത്രം ഉപദേശിച്ചു. പിന്നീടു വരും വർഷങ്ങളിൽ മാധവനും പിന്നെ മാധവന്റെ അനിയൻ ശേഖരനും ശേഖരന്റെ അയൽക്കാരായ കോരനും ചീരുവും ഗോവിന്ദനും എല്ലാം മഹാബലി തമ്പുരാനെ എതിരേറ്റുപോന്നു. ഓണേക്കര ദേശത്തെ പത്തു ദിവസത്തെ മാമാങ്കം ഓണം എന്നപേരിൽ സമീപ ദേശങ്ങളും ഏറ്റെടുത്തു.

ഇന്നും നാം ആഘോഷിക്കുന്ന ഓണം, ഇതൊരു കൂട്ടായ്മയുടെ; ഒത്തുചേരലിന്റെ; പങ്കുവെക്കലുകളുടെ; ആഘോഷമാണ്. നമ്മുടെ ഏത് ഉത്സവത്തിനും ഭക്ഷണം തന്നെ ആണ് ജീവവായു. കൂടാതെ ഇല്ലത്തെ അംഗങ്ങളുടെ സമ്മർദ്ദം കുറയ്ക്കാൻ തിരുമേനി കണ്ടെത്തിയ നുറുങ്ങു വിദ്യ, ഇപ്പോഴും കേരളമെന്ന ദേശത്തെ മുഴുവൻ അംഗങ്ങളുടെയും സമ്മർദ്ദം കുറച്ചു കുടുംബാംഗങ്ങൾക്കിടയിൽ സ്നേഹത്തിന്റെ പുതു വിത്തുകൾ പാകുന്നു.



# ഹൃദയതീരങ്ങൾ

അർജ്ജുൻ വേലായുധൻ

ഇടവപ്പാതിയും ഈറൻ തൊടിയും,
ഇലച്ചാർത്തിലൂറുന്ന പൊൻവെയിൽകീറും,
കളിത്തോണി തുഴഞ്ഞൊരാ ബാല്യവും
അണയുന്നിതെന്നുമെൻ മനോതീരങ്ങളിൽ.

ഒഴുകിപ്പതിച്ചു ഞാൻ ഈ സ്വപ്നതീരത്ത്,
പുതിയൊരധ്യായമെൻ ജീവരേഖയിൽ,
ഗഗനസീമകൾ ചുംബിക്കും ഗോപുരങ്ങൾ
അപരിചിതലോകത്തിൻ നിശ്ശബ്ദമർമ്മരം പാടി.

നിർമ്മലമീ മണ്ണും, സുരക്ഷിതമീ വീഥിയും—
സുഗമമെൻ യാത്രയീ സിംഹഭൂവിൽ.
വെയിലിൽ തണലായ്, മഴയിൽ കുടയായ്
വർഗ്ഗഭേദമില്ലാ സൗഹൃദദീപങ്ങൾ.

ഈ സിംഹപുരിതൻ ഹരിതാഭയിൽ തേടുന്നു
ഞാനെൻ നഷ്ടഗ്രാമത്തിൻ നൈർമല്യം;
മന്ദാരവും കണിക്കൊന്നയും പൂക്കുന്നിതിവിടെയും
മകരമഞ്ഞിൽ കുതിർന്നൊരാ പുൽനാമ്പുകളും.

ഭേദമില്ലാതെന്റെയുള്ളിൽ വിടരും—
ചാരുതയാണിന്നു ഈ രണ്ടു ലോകവും.
അറിയാതെ മന്ത്രിക്കുകയാണെൻ മനമിന്നു:
“ഇതല്ലോ എൻ നാടിൻ പ്രതിരൂപം...”

ഒന്നാണിവിടെയീ മലയാളമാനസങ്ങൾ.
ഒരുമയിലീ സ്വർണ്ണനഗരിയിൽ വിരിയിക്കും;
സദ്യവട്ടത്തിൻ കൊതിയേറും മണവും
ചെണ്ടമേളത്തിൻ ഹൃദയതാളവും.

പൂക്കളം ചാർത്തും പൊന്നോണനാളിലും
കണിക്കൊന്ന പൂക്കും വിഷുപ്പുലരിയിലും.
മലയാളമൊഴിയാലെ നമ്മൾ തീർക്കുന്നു
ഈ സ്വപ്നഭൂവിലൊരു ചെറുകേരളം!

നറുമലരിൻ മധുനുകരും ശലഭമായ് തേടുന്നു,
അനന്യമീ സിംഹഭൂവിൻ ലാവണ്യം
രണ്ടു ലോകമെങ്കിലും ഹൃദയമൊന്നുതന്നെ,
തുളുമ്പിടുന്നു മലയാളമെന്ന പ്രണയം!





# തീവണ്ടിയാത്രയിലെ പ്രണയം

## നിശാന്ത് കൊടമന

ഉറക്കം വരുമ്പോഴും
ഞാൻ തീവണ്ടിയൊച്ച
താളമാക്കി
നിന്നനുരാഗം കിനാവിൽനിന്ന-
ടർത്തിയെടുത്ത്
പുതിയ പാട്ടിന്റെ
വരികൾ കുറിച്ചു,

രാത്രിവണ്ടിയുടെ
മൂളലിൽ ഉണർന്നുപോയ
കുഞ്ഞിനെയുറക്കാൻ
അമ്മ പാടിയ പാട്ടിന്റെ
ഈണത്തിൽ പുതിയ
തീവണ്ടിഗാഥ എഴുതി,

നിന്റെ നിറഞ്ഞ
പുഞ്ചിരിയിൽ നിന്ന്
ചാറിയ മഴ
എനിക്ക് മുന്നിൽ
വീണ്ടും കുളിരായി,

ആരോടും പറയരുത്
ഞാൻ എഴുതുന്ന പ്രണയകവിതകൾക്ക്
കയ്യൊപ്പ് ചാർത്തുന്നത് നീയാണെന്ന സത്യം.
ഞാൻ എഴുതുന്ന
പ്രണയകവിതകൾക്ക്
കയ്യൊപ്പ് ചാർത്തുന്നത്
നീയാണെന്ന സത്യം,

നമുക്ക് അങ്ങിനെയങ്ങിനെ
പ്രണയത്തിന്റെ
ശിലാലിഖിതങ്ങൾ
ഒരുമിച്ച് പകർത്തി
പുതിയ പുരാണം രചിക്കാം,

അവിടെ ഓരോ
യുദ്ധവും നമ്മൾ
പ്രണയം കൊടുത്ത്
കെടുത്തിയൊരു
വസന്തലോകം തീർക്കും..
ഓരോ യുദ്ധവും നമ്മൾ പ്രണയം കൊടുത്ത്
കെടുത്തിയൊരു വസന്തലോകം തീർക്കും...

# എന്റെ ഉപ്പുപ്പാക്ക് ഒരു ബസ്സ് ഉണ്ടായിരുന്നു


**എം. ബദറുദ്ദീൻ**

*(മുൻ വെൽഫെയർ സെക്രട്ടറി, എസ്.എം.എ.)*


ഈ ചെറുകഥ യാഥാർഥ്യവും സാങ്കല്പികതയും കലർന്നതാണോ എന്ന് വായിച്ചശേഷം നിങ്ങൾക്കു തീരുമാനിക്കാം!

1940-ൽ ഉപ്പുപ്പാ അബ്ദുൽ അസീസ് സിംഗപ്പൂരിൽനിന്ന് നാട്ടിലേക്കു തിരിച്ചുവന്നു. ഉപ്പുപ്പായും ഭാര്യയും ആറു മക്കളുമായിരുന്നു കുടുംബം. നാട്ടിലെത്തി കുറച്ചു വർഷങ്ങൾക്കുശേഷം ഉപ്പുപ്പായുടെ മനസ്സിൽ ഒരു ആഗ്രഹം തോന്നി: ഒരു ബസ്സ് വാങ്ങണം. അങ്ങനെ 1944-ൽ ഇരുപതു സീറ്റുള്ള ഒരു ബസ്സ് വാങ്ങി. അക്കാലത്ത് കേരളത്തിൽ ബസ്സുകൾ വളരെ കുറവായിരുന്നു. സർവീസ് നടത്തുന്നതിനാവശ്യമായ രേഖകളെല്ലാം അദ്ദേഹം സ്വന്തമാക്കി. അങ്ങനെ ആദ്യത്തെ വർക്കല–കുളത്തൂപ്പുഴ ബസ്സ് സർവീസിന് അനുമതി ലഭിച്ചു.

ഉപ്പുപ്പാ തന്നെയായിരുന്നു ബസ്സിന്റെ ഡ്രൈവർ. മൂത്തമകൻ മജീദും കൂടെ പോകുമായിരുന്നു. ടിക്കറ്റ് കൊടുക്കുന്നതും മറ്റു ജോലികളും മജീദ് തന്നെയായിരുന്നു ചെയ്തിരുന്നത്. ചിലപ്പോൾ ചില്ലറക്കാശിൽ കുറച്ച് തന്റെ പോക്കറ്റിലിടുകയും ചെയ്യും.

എല്ലാ ദിവസവും രണ്ടു ട്രിപ്പുകളാണ് നടത്തിയിരുന്നത്. ചിലപ്പോൾ അത് ഒരു ട്രിപ്പായി ചുരുങ്ങും. യാത്രാമധ്യേ ആഹാരം കഴിക്കുന്നതും വിശ്രമിക്കുന്നതുമെല്ലാം ലഭിക്കുന്ന ഇടവേളകളിലായിരുന്നു. ബാപ്പായും മകനും കുറച്ചു കാലം ബസ്സ് സർവീസ് നടത്തി.

ഉപ്പുപ്പാക്ക് നാട്ടിൽ ഏക്കർകണക്കിന് വസ്തുവകകളും നിലവും സമ്പാദ്യമായുണ്ടായിരുന്നു. ബസ്സ് സർവീസ് തുടർന്നുകൊണ്ടിരുന്നു. പുതുതായി വാങ്ങിയ ബസ്സായതിനാൽ ആദ്യം അറ്റകുറ്റപ്പണികൾ കുറവായിരുന്നു. കാലം കഴിഞ്ഞതോടെ അവ കൂടിവന്നു. ഇതിനിടെ മകനെ ബസ്സുമായി ബന്ധപ്പെട്ട ജോലിയിൽനിന്ന് മാറ്റി. പിന്നീട് ഉപ്പുപ്പാ ഒറ്റയ്ക്കു സർവീസ് തുടർന്നു. ജീവിതസാഹചര്യങ്ങൾ മാറിമറിഞ്ഞുകൊണ്ടിരുന്നു. ഉപ്പുപ്പാ വളരെ സ്നേഹസമ്പന്നനും ദയാലുവുമായിരുന്നു. എല്ലാവരെയും സഹായിക്കുകയും മറ്റുള്ളവരുടെ കഷ്ടത്തിലും ദുഃഖത്തിലും പങ്കുചേരുകയും ചെയ്തിരുന്നു.

മകൻ മാറിയതിനുശേഷം ബസ്സിന്റെ കളക്ഷനും മറ്റു ജോലികളും ഉപ്പുപ്പാ തന്നെയായിരുന്നു ചെയ്തിരുന്നത്. അക്കാലത്തെ ബസ്സ് യാത്ര അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. പല യാത്രക്കാരും ബസ്സിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും "സലാം സാഹിബ്" എന്നു പറയും. അതോടെ കാശായുള്ള വരുമാനം കുറഞ്ഞുതുടങ്ങി. എന്നിട്ടും ഉപ്പുപ്പാ സന്തോഷത്തോടെ യാത്രക്കാരെ കൊണ്ടുപോയിക്കൊണ്ടിരുന്നു.



*ഉപ്പുപ്പായുടെ വർക്കല–കുളത്തുപ്പുഴ ബസ് സർവീസിനെ ആസ്പദമാക്കിയ ചിത്രാവിഷ്കാരം*

ചിലപ്പോൾ യാത്രക്കാർ ചക്ക, മാങ്ങ, മരച്ചീനി, പച്ചക്കറികൾ എന്നിവ കൊടുക്കും. ഉപ്പുപ്പാ സന്തോഷത്തോടെ അവ സ്വീകരിക്കും. ഇവയൊന്നുമില്ലെങ്കിലും ഒരു "സലാം" മതിയായിരുന്നു. അതായിരുന്നു ഉപ്പുപ്പായുടെ സ്വഭാവം.

ഒന്നോ രണ്ടോ വർഷം കഴിഞ്ഞപ്പോൾ ബസ്സിന്റെ അറ്റകുറ്റപ്പണികൾ കൂടിത്തുടങ്ങി. എഞ്ചിന്റെ പണി, പുതിയ ടയറുകൾ, ദിവസേനയുള്ള പെട്രോൾച്ചെലവ്, മറ്റു പണികൾ എന്നിവയെല്ലാം വർധിച്ചു. ചെലവു കൂടുകയും കാശായുള്ള

വരുമാനം കുറയുകയും ചെയ്തു; ചക്കയും മാങ്ങയും മരച്ചീനിയും "സലാം സാഹിബ്" വിളികളും മാത്രം കൂടിവന്നു. പലതവണ സർവീസ് മുടങ്ങുകയും ബസ്സ് വർക്ക്ഷോപ്പിലാകുകയും ചെയ്തു.

ഈ സമയത്ത് ഉപ്പപ്പായെ കാണാൻ പലരും വീട്ടിൽ വരുമായിരുന്നു. "സാഹിബ് ഉണ്ടോ?" എന്ന് അവർ ചോദിക്കും. അന്നു ഞാൻ വളരെ കുട്ടിയായിരുന്നു. "സാഹിബ്" എന്നത് "സായിപ്പ്" എന്നാണ് ഞാൻ തെറ്റിദ്ധരിച്ചത്. അതുകൊണ്ട് ഉമ്മയോടും ജ്യേഷ്ഠനോടും ഇനി എന്നെ "സായിപ്പ്" എന്നു വിളിക്കണമെന്ന് പറഞ്ഞു. ഇന്നും നാട്ടിൽ പോകുമ്പോൾ പഴയ തലമുറയിലെ ചിലർ എന്നെ അങ്ങനെ വിളിക്കാറുണ്ട്.

എന്തുചെയ്യണമെന്നറിയാതെ ഉപ്പപ്പാ വീട്ടിൽത്തന്നെ കഴിഞ്ഞു. ഒടുവിൽ തന്റെ പേരിലുള്ള വസ്തുക്കൾ കുറേശ്ശെയായി വിൽക്കാൻ തീരുമാനിച്ചു. വർക്ക്ഷോപ്പിലെ കടവും സ്പെയർ പാർട്സിന്റെ കടവും പെട്രോൾക്കടവും കൂടിക്കൂടിവന്നു. ഉപ്പപ്പാ വസ്തുക്കൾ വിറ്റുതുടങ്ങി. കടങ്ങൾ കുറേശ്ശെയായി തീർന്നു. ബസ്സ് സർവീസ് വീണ്ടും ആരംഭിച്ചു. യാത്രക്കാർക്ക് അതൊരു സന്തോഷവാർത്തയായിരുന്നു.

> വസ്തുക്കളെല്ലാം വിറ്റുകഴിഞ്ഞു; ഒന്നര സെന്റ് മാത്രം ബാക്കി

പക്ഷേ, വീണ്ടും കാശായുള്ള വരുമാനം കുറയുകയും ചക്കയും മാങ്ങയും കൂടുകയും ചെയ്തു. ബസ്സ് വീണ്ടും വർക്ക്ഷോപ്പിലായി. ഇനി എന്തു ചെയ്യുമെന്ന ചിന്തയിൽ ഉപ്പപ്പാ വീണ്ടും വസ്തു വിറ്റു; സർവീസ് പുനരാരംഭിച്ചു. ഇത് ആവർത്തിച്ചുകൊണ്ടിരുന്നു. അങ്ങനെ തന്റെ വസ്തുക്കളിൽ പകുതിയിലധികം വിറ്റ് കടം വീട്ടിയും ബസ്സ് സർവീസ് നടത്തിയും അദ്ദേഹം മുന്നോട്ടുപോയി.

എന്റെ പിതാവ് അക്കാലത്ത് സിംഗപ്പൂരിൽ ജോലി ചെയ്യുകയായിരുന്നു. ഉപ്പപ്പായുടെ കടം തീർക്കാനായി രണ്ടാമത്തെ മകൻ മൈതീൻ തന്റെ ജ്യേഷ്ഠൻ മജീദിന് പണം അയച്ചു. അതുകൊണ്ട് കുറച്ച് കടങ്ങൾ തീർത്തു.

ഇതിനിടെ വസ്തുക്കളെല്ലാം വിറ്റുകഴിഞ്ഞു; ഒന്നര സെന്റ് മാത്രം ബാക്കി. ഒടുവിൽ ബസ്സ് സർവീസ് അവസാനിപ്പിച്ച് തുച്ഛമായ വിലയ്ക്ക് ബസ്സ് വിറ്റു. ഉപ്പപ്പായും ഭാര്യയും പിണങ്ങി. ഭാര്യയും മക്കളും അദ്ദേഹത്തെ വീട്ടിൽനിന്ന് പുറത്താക്കി. ബാക്കിയുള്ള ഒന്നര സെന്റിൽ ചെറിയൊരു വീടു വെച്ച് താമസം തുടങ്ങി. ഭാര്യയും മക്കളും താമസിച്ചിരുന്ന സ്ഥലത്തിനടുത്തായിരുന്നു ആ വീട്.

മക്കളും ഭാര്യയും തിരിഞ്ഞുനോക്കാത്ത അവസ്ഥയായിരുന്നു. ഇതിനിടെ രണ്ടാമത്തെ മകൻ മൈതീൻ, സിംഗപ്പൂരിൽനിന്ന് അയച്ച പണം തിരികെ ലഭിക്കാനോ അല്ലെങ്കിൽ ഒന്നര സെന്റിലെ വീടും പുരയിടവും വിട്ടുകിട്ടാനോ വേണ്ടി, ജ്യേഷ്ഠൻ മജീദിനെക്കൊണ്ട് പിതാവിനെതിരെ കേസ് കൊടുപ്പിച്ചു. കേസ് വർഷങ്ങളോളം നീണ്ടു. ഒടുവിൽ മൈതീന് അനുകൂലമായി വിധി വന്നു; വീടും ഒന്നര സെന്റ് പുരയിടവും അദ്ദേഹത്തിനു ലഭിച്ചു.

വർഷങ്ങളായി നോക്കാതിരുന്ന മക്കളും ഭാര്യയും പിന്നീട് ഉപ്പപ്പായെ വീണ്ടും കുടുംബത്തിലേക്കു കൊണ്ടുവന്നു. കാലം കുറച്ചുകൂടി കടന്നുപോയി. വേനലും മഞ്ഞും മഴയും വന്നുപോയി. വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ഉപ്പപ്പാ മരിച്ചു.

പിന്നീട് ഒന്നര സെന്റിലെ വീടും പുരയിടവും മൈതീന്റെ മകൻ ഷറഫുദ്ദീന് ലഭിച്ചു; അദ്ദേഹം അതു വിറ്റു. ഉമ്മുമ്മായുടെ പേരിലുള്ള വസ്തുക്കളും നിലവും ഇപ്പോഴും ഓഹരിവയ്ക്കാനാകാതെ "തർക്കപുരയിടം" ആയി തുടരുന്നു. അങ്ങനെ ഉപ്പപ്പായുടെ ആദ്യകാല വർക്കല–കുളത്തൂപ്പുഴ ബസ്സ് സർവീസിന്റെ കഥ ഇവിടെ അവസാനിക്കുന്നു.

ശുഭം!



# വയനാട്:
# മുറിവുകൾ മറച്ചുവെച്ച മലനാട്ടിലൂടെ ഒരു ഓർമ്മയാത്ര

**ഗംഗാധരൻ**

2026ലെ ഫെബ്രുവരിയിലെ ഒരു പ്രഭാതം. കോളജ് കാലത്തെ സഹപാഠികളായ പതിനഞ്ചോളം പേർ ഏറെ നാളുകൾക്കുശേഷമുള്ള ഒരു സംഗമയാത്രയ്ക്കായി വയനാട്ടിലേക്ക് പുറപ്പെട്ടു. എന്നാൽ ഇത് ഒരു സാധാരണ വിനോദയാത്രയായിരുന്നില്ല. 2024-ലെ മുണ്ടക്കൈ–ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് ഒന്നര വർഷത്തിലേറെ കഴിഞ്ഞ്, ആ ദുരന്തത്തിന്റെ യാഥാർഥ്യം നേരിൽ കണ്ടറിയുകയും അനുഭവിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ യാത്രയുടെ ലക്ഷ്യം.

> നഷ്ടരതിന്റെയും പ്രതീക്ഷയുടെയും അദമ്യമായമനോബലരതിന്റെയും കഥയാണത്.

വയനാട്... വിദേശ അധിനിവേശത്തിനെതിരെ പോരാടിയ ധീരയോദ്ധാവ് എടച്ചേന കുങ്കന്റെയും, കുറിച്യ പടത്തലവൻ തലക്കൽ ചന്തുവിന്റെയും, വെട്ടിത്തിളങ്ങുന്ന വാൾത്തലപ്പുകൊണ്ട് നാടിന്റെ മാനം കാത്ത വീരപഴശ്ശിയുടെയും, ഉൾക്കാടുകളിലൂടെ കാനനപാത തീർത്ത കരിന്തണ്ടന്റെയും ചോരവീണ മണ്ണ്. കാട്ടാറുകളും കാട്ടരുവികളും, കറുത്ത പൊന്നായ കുരുമുളകും, വയലേലകളും, വനസൗന്ദര്യവും ചേർന്ന് അനുഗ്രഹിക്കപ്പെട്ട നാട്. കാടിന്റെ മാദകത്വം നിറഞ്ഞ തിരുനെല്ലി വനങ്ങളും, ഋഷിമാർ സ്പർശിച്ച ചരിത്രം പറയുന്ന എടക്കൽ ഗുഹകളും, സുഗന്ധഗിരി മലനിരകൾക്കിടയിൽ വാൽക്കണ്ണാടിപോലെ തിളങ്ങുന്ന പൂക്കോട് തടാകവും ചേർന്ന് പ്രകൃതിയും ചരിത്രവും കൈകോർക്കുന്ന അത്ഭുതഭൂമി.

## ചുരം കയറിയ യാത്ര

രാവിലെ പെരിയ ചുരം വഴിയായിരുന്നു ഞങ്ങളുടെ യാത്ര. വളഞ്ഞുപുളഞ്ഞ വഴികളും, മലനിരകളെ പൊതിഞ്ഞ മഞ്ഞും, കണ്ണെത്താദൂരത്തോളം പച്ചപ്പും യാത്രയെ മനോഹരമാക്കി. വാഹനത്തിനുള്ളിൽ





കോളജ് കാലത്തെ ഓർമ്മകളും പഴയ തമാശകളും നിറഞ്ഞപ്പോൾ, പുറത്ത് വയനാടിന്റെ പ്രകൃതി അതിന്റെ പതിവ് ഭംഗിയിൽ വിരിഞ്ഞുനിന്നു. രാവിലെ പത്തുമണിയോടെ ഞങ്ങൾ കൽപ്പറ്റയിലെത്തി.

## പ്രതീക്ഷയുടെ ഗ്രാമം: പുനരധിവാസ ടൗൺഷിപ്പ്

ആദ്യം ഞങ്ങൾ സന്ദർശിച്ചത് ദുരന്തബാധിതർക്കായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന പുനരധിവാസ ടൗൺഷിപ്പായിരുന്നു. കൽപ്പറ്റയ്ക്ക് സമീപമുള്ള എൽസ്റ്റൺ എസ്റ്റേറ്റിൽ കേരള സർക്കാർ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഈ മാതൃകാ ടൗൺഷിപ്പ് ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് പുതിയ ജീവിതത്തിന്റെ വാതിൽ തുറക്കുകയാണ്.

410 വീടുകൾ, റോഡുകൾ, കുടിവെള്ളം, വൈദ്യുതി, ആരോഗ്യ കേന്ദ്രം, അങ്കണവാടി എന്നിവയുൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി സുരക്ഷിതവും സ്ഥിരവുമായ ജീവിതം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്ന കാഴ്ച പ്രതീക്ഷയുടെ സന്ദേശമായിരുന്നു. ദുരന്തം ജീവിതങ്ങളെ തകർത്തുവെങ്കിലും, അവയെ വീണ്ടും പടുത്തുയർത്താനുള്ള മനുഷ്യരുടെ മനസ്സുറപ്പ് അവിടെ വ്യക്തമായി കാണാമായിരുന്നു.

## മുണ്ടക്കൈയിലേക്കുള്ള വഴി

അതിനുശേഷം ഞങ്ങളുടെ യാത്ര മുണ്ടക്കൈയിലേക്കും ചൂരൽമലയിലേക്കും നീങ്ങി. വയനാട്ടിലെ പച്ചപ്പാർന്ന മലനിരകളിലൂടെ വളഞ്ഞുമറിഞ്ഞ് പോകുന്ന ചൂരൽമലയിലേക്കുള്ള വഴി ഒരിക്കൽ അതിന്റെ ശാന്തസൗന്ദര്യത്തിനും പച്ചപ്പിനും പേരുകേട്ടതായിരുന്നു. എന്നാൽ ഇന്ന് ആ ഭൂമി മറ്റൊരു കഥയാണ് പറയുന്നത്.

മുമ്പത്തെ രാത്രി പെയ്ത മഴയുടെ ഈർപ്പം ഇപ്പോഴും വായുവിൽ നിറഞ്ഞുനിന്നു. ആ മഴ പോലും ഇവിടെ ഒരിക്കൽ നടന്ന മഹാദുരന്തത്തിന്റെ ഓർമ്മകൾ ഉണർത്തുന്നതുപോലെ തോന്നി.

## നിശ്ശബ്ദത സംസാരിക്കുന്ന ഭൂമി

മുണ്ടക്കൈ ഭാഗത്തേക്ക് എത്തുമ്പോൾ പ്രകൃതിയുടെ പതിവ് ശബ്ദങ്ങൾ ഇല്ലാതായിരുന്നു. പക്ഷികളുടെ കൂജനം കേൾക്കാനില്ല. ഇലകളുടെ ചലനം പോലും അപൂർവം. ചുറ്റും ആഴത്തിലുള്ള ഒരു നിശ്ശബ്ദത മാത്രം. ചില വഴികൾ ഇപ്പോഴും ഇടുങ്ങിയും തകർന്ന നിലയിലുമായിരുന്നു. വേരോടെ പിഴുതുവീണുകിടക്കുന്ന മരങ്ങൾ തുറന്ന മുറിവുകൾ പോലെ തോന്നി. ഒരു മണ്ണിടിച്ചിൽ മാത്രമല്ല, മലയുടെ ഒരു ഭാഗം തന്നെ തകർന്നുവീണതിന്റെ അടയാളങ്ങൾ എല്ലായിടത്തും വ്യക്തമായിരുന്നു. ഒരിക്കൽ വീടുകൾ നിറഞ്ഞുനിന്നിരുന്ന സ്ഥലത്ത് ഞങ്ങൾ വാഹനം നിർത്തി. ഇപ്പോൾ അവിടെ അവശിഷ്ടങ്ങൾ മാത്രം. തകർന്ന ഭിത്തികളുടെ ഭാഗങ്ങൾ, മണ്ണിനടിയിൽ പകുതിയായി മറഞ്ഞ വാതിലുകൾ, ഒറ്റയ്ക്ക് നിൽക്കുന്ന ജനൽച്ചില്ലുകൾ... ഒരു കാലത്ത് ഇവിടെ കുടുംബങ്ങൾ ജീവിച്ചിരുന്നു, കുട്ടികൾ കളിച്ചിരുന്നു, സ്വപ്നങ്ങൾ വളർന്നിരുന്നു എന്നത് വിശ്വസിക്കാൻ പോലും പ്രയാസമായി.

## ഒരു നാട്ടുകാരന്റെ വാക്കുകൾ

അവിടെ ഒരു നാട്ടുകാരൻ നിശ്ശബ്ദമായി താഴ്വരയിലേക്ക് നോക്കി നിൽക്കുകയായിരുന്നു. ഞങ്ങൾ അദ്ദേഹവുമായി സംസാരിച്ചു. ദുരന്തത്തിന്റെ രാത്രിയെക്കുറിച്ചും, അതിന് ശേഷമുള്ള വേദനകളെക്കുറിച്ചും അദ്ദേഹം പറഞ്ഞപ്പോൾ, വാർത്തകളിൽ കണ്ടതിനെക്കാൾ ആഴത്തിൽ ആ ദുരന്തത്തിന്റെ ആഘാതം മനസ്സിലാക്കാൻ കഴിഞ്ഞു. എന്നിരുന്നാലും, ജീവിതം വീണ്ടും പടുത്തുയർത്താനുള്ള പ്രതീക്ഷ അദ്ദേഹത്തിന്റെ ഓരോ വാക്കിലും നിറഞ്ഞുനിന്നു.



## പ്രകൃതിയുടെ മുറിവുകൾ

അതിശയകരമായി, പ്രകൃതി ഇതിനകം തന്നെ തന്റെ മുറിവുകൾ സുഖപ്പെടുത്താൻ ശ്രമിക്കുന്നതുപോലെ തോന്നി. മഞ്ഞ് വീണ്ടും മലകളിലൂടെ ഒഴുകുന്നുണ്ടായിരുന്നു. ചില ഭാഗങ്ങളിൽ പച്ചപ്പ് തിരികെ വന്നുതുടങ്ങിയിരുന്നു. എന്നാൽ അടുത്തെത്തിയപ്പോൾ ഭൂമിയിലെ പൊട്ടലുകളും മാറിപ്പോയ മണ്ണും ആ ദുരന്തത്തിന്റെ ഓർമ്മകൾ മായാതെ സൂക്ഷിച്ചിരുന്നു.

## മുണ്ടക്കൈ ബെയ്‌ലി പാലം: ധീരതയുടെ പ്രതീകം

2024 ജൂലൈയിലെ വയനാട് ഉരുൾപൊട്ടലിന് പിന്നാലെ മുണ്ടക്കൈ–ചൂരൽമല പ്രദേശങ്ങളിലേക്കുള്ള ഗതാഗതം പുനഃസ്ഥാപിക്കുന്നതിനായി ഇന്ത്യൻ സൈന്യം വെറും 31 മണിക്കൂറിനുള്ളിൽ 190 അടി നീളമുള്ള താൽക്കാലിക ബെയ്‌ലി പാലം നിർമ്മിച്ചു. 24 ടൺ വരെ ഭാരം വഹിക്കാൻ ശേഷിയുള്ള ഈ പാലം രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും നിർണായകമായിരുന്നു. ഇന്ത്യൻ സൈന്യത്തിന്റെ അതിവേഗ എൻജിനീയറിങ് മികവിന്റെ പ്രതീകമായി മാറിയ ഈ പാലം രക്ഷാപ്രവർത്തനങ്ങൾക്കുശേഷവും അവിടെത്തന്നെ നിലനിർത്തി. തുടർന്ന് പ്രദേശത്തെ ഗതാഗതത്തിനും പുനരധിവാസ പ്രവർത്തനങ്ങൾക്കും ഈ പാലം ഏറെ സഹായകമായി.



മുണ്ടക്കൈ–ചൂരൽമല പ്രദേശം ഇന്ന് ഒരു ദുരന്തഭൂമി മാത്രമല്ല; നഷ്ടപ്പെട്ട ജീവനുകളെയും തകർന്ന കുടുംബങ്ങളെയും അതിജീവനത്തിനായി പോരാടിയ മനുഷ്യരെയും ഓർമ്മിപ്പിക്കുന്ന സ്മൃതിസ്ഥലം കൂടിയാണ്. തിരിച്ചുപോകുമ്പോൾ മലകളെ വീണ്ടും മഞ്ഞ് മൂടിത്തുടങ്ങി. പ്രകൃതി തന്റെ മുറിവുകൾ മറയ്ക്കാൻ ശ്രമിക്കുന്നതുപോലെ തോന്നി. എന്നാൽ അവിടെ ചെലവഴിച്ച ഏതാനും മണിക്കൂറുകൾ ഞങ്ങളുടെ മനസ്സിൽ മായാത്ത ചിത്രങ്ങൾ പതിപ്പിച്ചിരുന്നു.

## ഓർമ്മകളുമായി മടങ്ങുമ്പോൾ

സുഹൃത്തുക്കളോടൊപ്പമുള്ള ഈ യാത്ര ഒരു വിനോദയാത്രയെക്കാൾ ഏറെ അർത്ഥവത്തായിരുന്നു. പ്രകൃതിയുടെ അപാരശക്തിയും മനുഷ്യരുടെ അതിജീവനശേഷിയും ഒരുപോലെ അനുഭവിച്ചറിഞ്ഞ ഒരു പഠനയാത്രയായിരുന്നു അത്. ജീവിതത്തിന്റെ ക്ഷണികതയും മനുഷ്യസ്നേഹത്തിന്റെ മഹത്വവും ഓർമ്മിപ്പിച്ച അനുഭവം. മുണ്ടക്കൈ–ചൂരൽമല പ്രദേശം ഒരു ദുരന്തത്തിന്റെ കഥ മാത്രമല്ല പറയുന്നത്. നഷ്ടത്തിന്റെയും പ്രതീക്ഷയുടെയും സഹനശക്തിയുടെയും ജീവിതം പുനർനിർമ്മിക്കാൻ ശ്രമിക്കുന്ന മനുഷ്യരുടെ അദമ്യമായ മനോബലത്തിന്റെയും കഥ കൂടിയാണത്. ആ ഓർമ്മകളുമായി ഞങ്ങൾ വയനാട്ടിൽ നിന്ന് മടങ്ങി. എന്നാൽ യാത്ര അവസാനിച്ചിട്ടും, ആ മലനാടിന്റെ നിശ്ശബ്ദതയും മനുഷ്യരുടെ അതിജീവനത്തിന്റെ കഥയും ഇന്നും മനസ്സിൽ തങ്ങിനിൽക്കുന്നു.





# മലയാള ഭാഷയുടെ സവിശേഷ ഘടനാശാസ്ത്രം

ഉല്ലാസ് കുമാർ സി എസ്

ഒരു വ്യക്തി ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കുന്നതും ചിന്തകളെ ക്രമീകരിക്കുന്നതും വികാരങ്ങളെ പ്രകടിപ്പിക്കുന്നതും അടിസ്ഥാനപരമായി തന്റെ മാതൃഭാഷയിലൂടെയാണ്. മാതൃഭാഷ ഒരു വ്യക്തിയുടെ വെറുമൊരു ആശയവിനിമയ ഉപാധി മാത്രമല്ല, മറിച്ച് അവന്റെ അസ്തിത്വത്തിന്റെയും വൈജ്ഞാനിക വികാസത്തിന്റെയും സാമൂഹിക സ്വത്വത്തിന്റെയും അടിസ്ഥാന ശിലയാണ്. മാതൃഭാഷയിലുള്ള വ്യുത്പത്തി കുട്ടികളിൽ ഉയർന്ന ചിന്താശേഷിയും വിവേചനശക്തിയും വളർത്താൻ സഹായിക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. മലയാള ഭാഷയുടെ പ്രത്യേകതകളെക്കുറിച്ച് അന്വേഷിക്കുകയാണ് ഈ ലേഖനം.

## ഭാരതീയ ഭാഷകളുടെ പൊതുവായ ഘടനാസവിശേഷതകളും പാശ്ചാത്യ ഭാഷകളുമായുള്ള താരതമ്യവും

പാശ്ചാത്യ ഭാഷകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഭാരതീയ ഭാഷകൾക്ക് ഘടനാപരമായും വ്യാകരണപരമായും തികച്ചും വ്യത്യസ്തവും സങ്കീർണ്ണവുമായ ഒരു വ്യവസ്ഥയാണുള്ളത്. ഇംഗ്ലീഷ് ഉൾപ്പെടെയുള്ള പാശ്ചാത്യ ഭാഷകൾ കർത്താവ്-ക്രിയ-കർമ്മം (Subject-Verb-Object - SVO) എന്ന വാക്യഘടന അടിസ്ഥാനമാക്കുമ്പോൾ, ഭാരതീയ ഭാഷകളെല്ലാം തന്നെ കർത്താവ്-കർമ്മം-ക്രിയ (Subject-Object-Verb - SOV) എന്ന സ്വാഭാവിക ക്രമമാണ് പിന്തുടരുന്നത്. വ്യാകരണ ശാസ്ത്രത്തിൽ ഒരു വാക്യത്തിലെ ക്രിയ എന്നത് വാക്കുകൾക്ക് ചുറ്റുമുള്ള അർത്ഥത്തെ നിയന്ത്രിക്കുന്ന 'തല' (head) ആണ്. ഭാഷകളുടെ ഘടനാപരമായ വ്യത്യാസത്തെ താഴെ പറയുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

| വ്യാകരണ ഘടകം | പാശ്ചാത്യ ഭാഷകൾ (ഉദാ: ഇംഗ്ലീഷ്) | ഭാരതീയ ഭാഷകൾ (ഉദാ: മലയാളം) |
|---|---|---|
| അടിസ്ഥാന വാക്യഘടന | SVO (Subject-Verb-Object) | SOV (Subject-Object-Verb) |
| വാക്യ മാതൃക | I threw the ball. | ഞാൻ പന്ത് എറിഞ്ഞു. |
| ഹെഡ് നിർണ്ണയം | ഹെഡ്-മീഡിയൽ (Head-medial) | ഹെഡ്-ഫൈനൽ (Head-final) |
| നാമപദത്തിന്റെ രൂപാന്തരം | പ്രിപ്പോസിഷനുകൾ (Prepositions) | പോസ്റ്റ്പോസിഷനുകൾ (Postpositions) |
| വിഭക്തികൾ | പരിമിതമായ വിഭക്തികൾ (പദസ്ഥാനത്തെ ആശ്രയിച്ച്)<br>The tiger killed the deer.<br>The hunter killed the tiger | സങ്കീർണ്ണമായ വിഭക്തി പ്രത്യയങ്ങൾ<br>പുലി മാനിനെ കൊന്നു.<br>വേട്ടക്കാരൻ പുലിയെ കൊന്നു |

ഭാരതീയ ഭാഷകൾ 'ഹെഡ്-ഫൈനൽ' (Head-final) ആയതുകൊണ്ട് വാക്യങ്ങളിലെ പ്രധാന ക്രിയ അവസാനമായിരിക്കും വരുന്നത്. കൂടാതെ, ഇംഗ്ലീഷിൽ "of the man" എന്ന് നാമത്തിന് മുമ്പായി പ്രിപ്പോസിഷൻ ഉപയോഗിക്കുമ്പോൾ ഭാരതീയ ഭാഷകളിൽ അത് "മനുഷ്യന്റെ" എന്ന രീതിയിൽ നാമത്തിന് ശേഷമുള്ള പോസ്റ്റ്പോസിഷൻ (വിഭക്തി പ്രത്യയം) ആയി മാറുന്നു. ഈ വിഭക്തി പ്രത്യയങ്ങളുടെ കരുത്താണ് ഭാരതീയ ഭാഷകൾക്ക് 'സ്വതന്ത്ര വാക്യഘടന' (Free Word Order) നൽകുന്നത്. വാക്കുകളുടെ സ്ഥാനം എങ്ങോട്ട് മാറ്റിയാലും വാക്യത്തിന്റെ അടിസ്ഥാന അർത്ഥം മാറില്ല. ഉദാഹരണത്തിന് "രാമൻ രാവണനെ കൊന്നു" എന്നത് "രാവണനെ കൊന്നു രാമൻ" എന്ന് മാറ്റിയാലും അർത്ഥവ്യത്യാസം ഉണ്ടാകുന്നില്ല. ഈ സവിശേഷത പാശ്ചാത്യ ഭാഷകളിൽ തികച്ചും അസാധ്യമാണ്.

## തമിഴ്-സംസ്കൃത ഭാഷകളുമായുള്ള ചരിത്രപരമായ ബന്ധം

മലയാള ഭാഷയുടെ ഉത്ഭവത്തെക്കുറിച്ച് ഭാഷാശാസ്ത്രജ്ഞർക്കിടയിൽ നിരന്തരമായ ചർച്ചകൾ നടന്നിട്ടുണ്ട്. “ശ്രേഷ്ഠ ഭാഷാസൈദ്ധാന്തകർ” തമിഴും മലയാളവും ‘പൂർവ്വ തമിഴ്-മലയാളം’ (Proto-Tamil-Malayalam) എന്ന ഒരു പൊതു ദ്രാവിഡ പൂർവ്വിക ഭാഷയിൽ നിന്ന് വികസിച്ച് വന്ന സമാന്തര ഭാഷകളാണെന്ന് സമർത്ഥിക്കുന്നു. പത്താം നൂറ്റാണ്ടോടെ ബ്രാഹ്മണർക്ക് കൈവന്ന ഉയർന്ന സാമൂഹിക പദവിയും സാംസ്കാരിക മേധാവിത്വവുമാണ് മലയാളത്തെ സംസ്കൃതവുമായി കൂടുതൽ അടുപ്പിച്ചത് എന്നൊരു വാദമുണ്ട്. മണിപ്രവാളം എന്നത് സംസ്കൃത വിഭക്തികൾ ചേർന്ന സംസ്കൃത പദങ്ങളും മലയാള പദങ്ങളും തുല്യമായ അളവിൽ കൂട്ടിക്കലർത്തി എഴുതുന്ന ഒരു സങ്കരഭാഷാ ശൈലിയായിരുന്നു. ഈ സാംസ്കാരിക സമന്വയം ഇരു ഭാഷകളുടെയും അക്ഷരമാലയിൽ വലിയ വ്യത്യാസങ്ങൾ വരുത്തി. തമിഴ് ഭാഷ വളരെ ലളിതമായ ഒരു അക്ഷരവ്യവസ്ഥ ഉപയോഗിക്കുമ്പോൾ മലയാളം തികച്ചും വിപുലമായ ഒന്നാണ് സ്വീകരിച്ചിരിക്കുന്നത്. ഈ താരതമ്യം താഴെ നൽകുന്നു:

| ഭാഷ | അടിസ്ഥാന അക്ഷരങ്ങളുടെ എണ്ണം | സ്വനശാസ്ത്രപരമായ പ്രത്യേകതകൾ |
|---|---|---|
| തമിഴ് | 30 (12 സ്വരാക്ഷരങ്ങൾ, 18 വ്യഞ്ജനാക്ഷരങ്ങൾ) | കഠിന വ്യഞ്ജനങ്ങൾ വാക്കുകളുടെ സ്ഥാനത്തിനനുസരിച്ച് സ്വയം ഘോഷമായി ഉച്ചരിക്കപ്പെടുന്നു |
| മലയാളം | 51 (15/16 സ്വരാക്ഷരങ്ങൾ, 36 വ്യഞ്ജനാക്ഷരങ്ങൾ, ചില്ലക്ഷരങ്ങൾ ഒഴികെ) | സംസ്കൃതത്തിലെയും ദ്രാവിഡ ഭാഷകളിലെയും എല്ലാ സൂക്ഷ്മ ശബ്ദങ്ങളെയും കൃത്യമായി എഴുതാൻ സാധിക്കുന്ന രീതിയിൽ വിപുലീകരിക്കപ്പെട്ട ഗ്രന്ഥലിപി സമ്പ്രദായം. |

ആകാശം എന്ന അർത്ഥത്തിൽ മലയാളം സംസ്കൃതജന്യമായ ‘ആകാശം’ എന്ന് തന്നെ ഉപയോഗിക്കുമ്പോൾ, ആധുനിക തമിഴിൽ ശുദ്ധ ദ്രാവിഡ പദമായ ‘വാനം’ ആണ് കൂടുതലായി ഉപയോഗിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ തമിഴ്നാട്ടിലുണ്ടായ Pure Tamil Movement സംസ്കൃത വാക്കുകളെ ബോധപൂർവ്വം ഒഴിവാക്കുകയും പകരം ദ്രാവിഡ മൂലപദങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു.

മലയാളത്തെ തമിഴിൽ നിന്ന് വേർപെടുത്തിയ പ്രധാന വ്യാകരണപരമായ മാറ്റം ക്രിയകളിലെ പുരുഷപ്രത്യയങ്ങളുടെ ലോപമാണ് (Loss of personal endings). തമിഴിൽ കർത്താവിന്റെ ലിംഗഭേദമനുസരിച്ച് ക്രിയകൾക്ക് മാറ്റം വരുമ്പോൾ (ഉദാഹരണത്തിന്: அவன் வந்தான், அவள் வந்தாள்), മലയാളത്തിൽ അത് കേവലം ‘അവൻ വന്നു’, ‘അവൾ വന്നു’ എന്ന് മാത്രമായി മാറുന്നു. എന്നാൽ വിഭക്തിയുടെ ലോകത്തേയ്ക്ക് വരുമ്പോൾ മലയാളം സംസ്കൃതത്തേക്കാൾ കൂടുതൽ തമിഴിനോടാണ് ചേർന്ന് നിൽക്കുന്നത്. ഉദാഹരണം താഴെ:

| Case (Vibhakthi) | Malayalam | Tamil | Sanskrit |
|---|---|---|---|
| Base / Subject (Nominative) | മകൻ (Makan) | மகன் (Makan) | पुत्रः (Putraḥ) |
| Object (Accusative) | മകനെ (Makan-e) | மகனை (Makan-ai) | पुत्रम् (Putram) |
| To / For (Dative) | മകന് (Makan-u) | மகனுக்கு (Makan-ukku) | पुत्राय (Putrāya) |
| Of (Genitive) | മകന്റെ (Makan-te) | மகனுடைய (Makan-udaiya) | पुत्रस्य (Putrasya) |

## മലയാളത്തിലെ അനുനാസിക വ്യൂഹത്തിന്റെ അപൂർവ്വത

ലോകത്തിലെ മിക്ക ഭാഷകളിലും മൂന്നോ നാലോ അനുനാസികങ്ങൾ (Nasals) മാത്രം അടങ്ങിയിരിക്കുമ്പോൾ മലയാളം ഇതിൽ വലിയൊരു അപവാദമാണ്. മലയാളത്തിൽ ആറ് വ്യത്യസ്ത അനുനാസിക സ്വനിമങ്ങളാണ് ഉപയോഗിക്കുന്നത്. തമിഴിലും തെലുങ്കിലും ഇന്ന് പ്രായോഗികമായി വെറും മൂന്ന് അനുനാസികങ്ങൾ മാത്രം നിലനിൽക്കുമ്പോഴാണ് മലയാളം ഈ ആറ് അനുനാസികങ്ങളെയും തനത് രൂപത്തിൽ കാത്തുസൂക്ഷിക്കുന്നത്.

1. മ (/m/ - Bilabial): ചുണ്ടുകൾ തമ്മിൽ മുട്ടിച്ചുണ്ടാക്കുന്ന ശബ്ദം.
2. ന ([n̪] - Dental): നാവ് മുൻപല്ലുകളുടെ പിൻഭാഗത്ത് മുട്ടിച്ചുണ്ടാക്കുന്നത്.
3. ഩ ([n] - Alveolar): നാവ് പല്ലിന്റെ തൊട്ടു പിന്നിലെ തഴമ്പിൽ മുട്ടിച്ചുണ്ടാക്കുന്നത്.
4. ണ (/ɳ/ - Retroflex): നാവ് മുകളിലെ താലുവിലേക്ക് മടക്കി ഉച്ചരിക്കുന്നത്.
5. ഞ (/ɲ/ - Palatal): നാവ് താലുവിൽ അമർത്തി ഉണ്ടാക്കുന്ന ശബ്ദം.
6. ങ (/ŋ/ - Velar): തൊണ്ടയിൽ നിന്ന് ഉണ്ടാക്കുന്ന അനുനാസിക ശബ്ദം.

ഈ അനുനാസികങ്ങളുടെ സാന്നിദ്ധ്യം കാരണം മലയാള ഭാഷയ്ക്ക് സ്വാഭാവികമായി തന്നെ ഒരു ‘അനുനാസിക സ്വഭാവം’ (High Nasalance) കൂടുതലായുണ്ട്. അന്യഭാഷക്കാർക്ക് ഈ ശബ്ദങ്ങൾ വേർതിരിച്ചറിയാനും ശരിയായി ഉച്ചരിക്കാനും അങ്ങേയറ്റം പ്രയാസമാണ്. ഉദാഹരണത്തിന്, ‘ഞാൻ’ (ñān), ‘കഞ്ഞി’ (kanji), ‘ങ’ എന്നീ പദങ്ങളിലെ ഞ, ങ എന്നിവയുടെ ഉച്ചാരണം ഇംഗ്ലീഷ് പോലെയുള്ള ഭാഷകളിൽ ഇല്ലാത്തതിനാൽ അത് മനസ്സിലാക്കാൻ വലിയ അധ്വാനം ആവശ്യമാണ്.

### അക്ഷരസമൃദ്ധിയും ഉച്ചാരണ കാഠിന്യവും തമ്മിലുള്ള ബന്ധം

ഒരു ഭാഷയിലെ അക്ഷരങ്ങളുടെ എണ്ണക്കൂടുതലും ആ ഭാഷ ഉച്ചരിക്കാനുള്ള ബുദ്ധിമുട്ടും തമ്മിൽ നേരിട്ട് ബന്ധമുണ്ട്. ഒരു ഭാഷയിൽ കൂടുതൽ അക്ഷരങ്ങൾ ഉണ്ടെന്നതിനർത്ഥം ആ ഭാഷയിലെ വർണ്ണസ്ഥാനങ്ങൾ തമ്മിലുള്ള ദൂരം വളരെ കുറവാണെന്നാണ്. ഉദാഹരണത്തിന് ദന്ത്യമായ 'ന'യും (നല്ല) വർത്സ്യമായ 'ന'യും (ആന) തമ്മിലുള്ള വ്യത്യാസം വളരെ നേർത്തതാണ്. ഈ നേർത്ത വ്യത്യാസങ്ങൾ കൃത്യമായി നിലനിർത്താൻ വക്താവിന് തന്റെ നാവ്, ചുണ്ട്, വായ എന്നിവയുടെ ചലനങ്ങളിൽ അതീവ സൂക്ഷ്മത പുലർത്തേണ്ടി വരുന്നു.

മലയാളത്തെ പഠിക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ള ഭാഷകളിലൊന്നാക്കി മാറ്റുന്ന ഘടകങ്ങൾ ഇവയാണ്:

- **ഫോണറ്റിക് ഗ്രാനുലാരിറ്റി (Phonetic Granularity)**: ഒരേ വിഭാഗത്തിൽ പെടുന്ന അക്ഷരങ്ങളുടെ സൂക്ഷ്മ വ്യത്യാസങ്ങൾ (ഉദാഹരണത്തിന് ര, റ, ഴ എന്നീ മൂന്ന് വ്യത്യസ്ത ര-കാരങ്ങൾ)
- **സംശ്ലിഷ്ട പ്രകൃതി (Agglutinative Nature):** വാക്കുകളുടെ കൂടെ പ്രത്യയങ്ങൾ ചേർന്ന് വലിയ പദങ്ങളുണ്ടാകുന്ന അവസ്ഥ.

ഉദാഹരണം : "പാടിക്കൊണ്ടിരിക്കുകയായിരുന്നു" :

പാട് -> ധാതു (Verb Root - Sing)

+ ഇ -> Past participle -> പാടി

+ കൊണ്ട് -> Continuous marker -> പാടിക്കൊണ്ട്

+ ഇരിക്കുക -> സ്ഥിതിയെ കാണിക്കുന്ന സഹായക്രി

(Auxiliary Verb) -> പാടിക്കൊണ്ടിരിക്കുക

+ ഉക -> സാധാരണ രൂപം (Infinitive)

-> പാടിക്കൊണ്ടിരിക്കുക

+ ആയിരുന്നു -> ഭൂതകാലത്തെ കാണിക്കുന്ന ക്രിയ

(Past Auxiliary) -> പാടിക്കൊണ്ടിരിക്കുകയായിരുന്നു

- **സന്ധി നിയമങ്ങൾ (Sandhi Rules):** രണ്ട് വാക്കുകൾ കൂടിച്ചേരുമ്പോൾ ആദ്യ വാക്കിന്റെ അവസാന അക്ഷരത്തിനും രണ്ടാമത്തെ വാക്കിന്റെ ആദ്യ അക്ഷരത്തിനും സംഭവിക്കുന്ന ഉച്ചാരണ വ്യതിയാനങ്ങൾ

ഉദാഹരണം: "അമ്മമാർക്കായി"

(three words required in English: "For the mothers")

| | | |
|---|---|---|
| അമ്മ | നാമപദം (Noun Root) | അമ്മ |
| + മാർ | പൂജക/സംലിംഗ ബഹുവചനം | |
| (Plural marker) | അമ്മമാർ | |
